RR-315
KFRI RP-45
RME
29/10/

# Primer for Laymen used as a Tool for Reading and Teaching for Sustainable Management of NTFPs.

**Draft**

Guidelines for particip… research for sustaina… management of NTFPs

**Prepared by**

**Kerala Forest Department**
**&**
**Kerala Forest Research Institute**

## Chapters


Chapter - 1 Institutional Arrangement for Resource Management & VSS

Chapter - 2 Resource Base & Planning,

Chapter -3 Biodiversity

Chapter - 4 Sustainable Collection of NTFP

Chapter -5 PRA and Stakeholder Analysis

Chapter -6 NTFP Management by VSS

Chapter -7 Participatory Research on NTFP Management

Chapter -8 Sustainable Collection and Processing of NTFP


Rearrangement.

Need for Preface
to give the background/context

# Chapter - 1

# Institutional Arrangement for Resource Management & VSS

## ആമുഖം

സസ്യങ്ങളും വന്യജീവികളും സൂക്ഷ്മജീവികളും വനവാസികളും അടങ്ങിയ വനം ഒരു രാജ്യത്തിലെ പ്രധാന ഭൂവിനിയോഗമാണ്. മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളായ ഭക്ഷണം, വസ്ത്രം, പാർപ്പിടം, ഔഷധം എന്നിവയ്ക്കാവശ്യമായ വസ്തുക്കൾ പലതും ലഭ്യമാകുന്നത് വനങ്ങളിൽ നിന്നാണ്. അത് പോലെ തന്നെ പരിസ്ഥിതി സംതുലിതാവസ്ഥയ്ക്കും അതിന്റെ നിലനിൽപ്പിനും വനങ്ങൾ അത്യാവശ്യമാണ്. അതു കൊണ്ടുതന്നെ രാജ്യത്തിന്റെ വികസനത്തിനും ഭാവി തലമുറയുടെ ജീവസന്ധാരണത്തിനും നിലനില്പിനും വനത്തെ സംരക്ഷിക്കേണ്ടിയിരിക്കുന്നു.

ഔദ്യോഗിക രേഖകൾ അനുസരിച്ച് കേരളത്തിൽ 9400 ച.കി.മി വനഭൂമി ഉണ്ടെന്നാണ് തിട്ടപ്പെടുത്തിയിരിക്കുന്നത്. ഇത് മൊത്തം ഭൂമിസ്തൃതിയുടെ 24 ശതമാനത്തോളം വരും. ആളോഹരി വനഭൂമി ഏകദേശം 0.039 ഹെക്ടറാണ്. സംസ്ഥാനത്തെ വനങ്ങളെ ഏകദേശം 7 പ്രധാന വിഭാഗങ്ങളായി തിരിക്കാം: നിത്യ-അർദ്ധനിത്യ ഹരിതവനങ്ങൾ, നനവാർന്ന ഇലകൊഴിയും വനങ്ങൾ, വരണ്ട ഉഷ്ണമേഖലാവനങ്ങൾ, പുൽമേട്ടുകൾ, മിതോഷ്ണ വനങ്ങൾ, മിതശീതോഷ്ണ വനങ്ങൾ, മനുഷ്യനിർമ്മിതവനങ്ങൾ. മൊത്തം വനവിസ്തൃതിയുടെ മൂന്നിലൊന്ന് നിത്യ-അർദ്ധനിത്യ ഹരിതവനങ്ങളും, മൂന്നിൽ കൂടുതൽ നനവാർന്ന ഇലകൊഴിയും വനങ്ങളും, ആറിലൊന്നോളം മനുഷ്യനിർമ്മിതനവങ്ങളും ബാക്കിയുള്ളവ വരണ്ട ഉഷ്ണമേഖലാവനങ്ങൾ, മിതോഷ്ണ-മിതശീതോഷ്ണ വനങ്ങൾ, പുൽമേട്ടുകൾ എന്നിവയുമാണ്.

കേരളത്തിലെ നിത്യഹരിതവനങ്ങളിലെ ചിലഭാഗങ്ങളും, എത്തിപ്പെടാൻ കഴിയാത്ത മറ്റുചില പ്രദേശങ്ങളും ഒഴികെ മറ്റെല്ലായിടത്തും മനുഷ്യന്റെ ഇടപെടലിന് വിധേയമായി നാശം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. വനങ്ങളെ പുനർസൃഷ്ടിക്കുവാൻ കഴിയാവുന്നതാണെന്ന് പറയപ്പെടുന്നുണ്ടെങ്കിലും മഴക്കാടുകളിലെയും ഉഷ്ണമേഖലാ വനങ്ങളിലേയും ആവാസവ്യവസ്ഥകൾ നഷ്ടപ്പെട്ടാൽ പുനർസൃഷ്ടിക്കുക അസാധ്യമാണ്. അതുകൊണ്ട്, രാജ്യത്തിന്റെ വികസനത്തിനും ഭാവി തലമുറയുടെ സംരക്ഷണത്തിനും വേണ്ടി എന്തുവിലകൊടുത്തും വനത്തെ സംരക്ഷിക്കേണ്ടത് ഇന്നത്തെ തലമുറയുടെ സാമൂഹിക ഉത്തരവാദിത്വവും കടമയും ആണ്

## വനത്തിന്റെ മൂല്യങ്ങൾ

ഈ അടുത്ത കാലം വരെ വനത്തിന്റെ മൂല്യം എന്നത് മരത്തിന്റേയും, ഭൂമിയുടേയും മൂല്യമായിട്ടാണ് കരുതിയിരുന്നത്. എന്നാൽ ഇന്ന് ഇതിന് കാര്യമായ മാറ്റം വന്നിട്ടുണ്ട്. വനത്തിന്റെ മൂല്യനിർണ്ണയം രണ്ടു രീതിയിൽ നടത്താം: ഉപയാഗത്തിൽ അധിഷ്ഠിതമായതും അല്ലാത്തതും (use and non use values). ഇതിനെ വീണ്ടും പല ഘടകങ്ങളായും തിരിക്കാം. പ്രധാനമായി വനത്തിന്റെ മൂല്യങ്ങളെ പാരിസ്ഥിതികമൂല്യം, ജൈവികമൂല്യം, സാമൂഹ്യമൂല്യം, സാംസ്കാരിക മൂല്യം, സാമ്പത്തിക മൂല്യം എന്നിങ്ങനെ തരം തിരിച്ചിരിക്കുന്നു..

### പാരിസ്ഥിതിക മൂല്യം

ഓരോ പ്രദേശത്തിന്റെയും ജൈവ ആവാസവ്യവസ്ഥയുടെ നിലനിൽപ്പിന് ഒഴിച്ചുകൂടാനാവാത്ത ഘടകമാണ് വനം. മലകളും താഴ്‌വരകളും നിറഞ്ഞ കേരളത്തിന്റെ ഭൂപ്രകൃതിയിൽ വനത്തിന്റെ സ്ഥാനം ഈ അർത്ഥത്തിൽ അദ്വിതീയമാണ്. മൂവായിരത്തിലധികം മില്ലീമീറ്റർ മഴ പ്രതിവർഷം ലഭിക്കുന്ന ഇവിടെ ഇടതൂർന്നു വളരുന്നസസ്യാവരണം (നിത്യഹരിതവനങ്ങളായി) നിലനിൽക്കേണ്ടത് നദികളുടെ നീരൊഴുക്ക് നിലനിർത്താനും മലയിടിച്ചിൽ തുടങ്ങിയ ദുരന്തങ്ങൾ ഒഴിവാക്കാനും അത്യന്താപേക്ഷിതാണ്, ഇത് നദികളിലെ നീരൊഴുക്ക് നിലനിർത്താൻ സഹായിക്കുന്നതിനു പുറമേ വെള്ളപ്പൊക്കക്കെടുതികളും വരൾച്ചയും മിതപ്പെടുത്തുവാനും സഹായിക്കുന്നു. തന്നെയുമല്ല ഭൂഗർഭജലവിതാനം ഉയർത്തിനിലനിർത്താനും ഇതാവശ്യമാണ്. നാടിന്റെ കാലാസ്ഥയെ നിയന്ത്രിക്കുന്നതിലും വനം സുപ്രധാന പങ്ക് വഹിക്കുന്നു.

### ജൈവികമൂല്യം

വനത്തിന്റെ മറ്റൊരു പ്രാധാന്യം അതിലടങ്ങിയിരിക്കുന്ന ജൈവവൈവിദ്ധ്യമാണ്. ഭൂമദ്ധ്യരേഖയോടടുത്തു കിടക്കുന്ന കേരളത്തിലെ വനങ്ങൾ ഇക്കാര്യത്തിൽ തികച്ചും സമ്പന്നമാണ്. മനുഷ്യന്റെ ഇടപെടലുകളില്ലാതെ കോടിക്കണക്കിനു വർഷങ്ങളിൽകൂടി ഉരിത്തിരിഞ്ഞുണ്ടായ
ജൈവവൈവിദ്ധ്യം ഇത്രയേറെ കാണപ്പെടുന്ന പ്രദേശങ്ങൾ ഭൂമുഖത്ത് എറെയൊന്നുമില്ല. മണ്ണിനും കാലാവസ്ഥയ്ക്കുമുള്ള സൂക്ഷ്മവ്യതിയാനങ്ങൾ പോലും ജൈവവൈവിദ്ധ്യത്തിന്റെ തലത്തിൽ പ്രതിഫലിക്കും. ഈ ജൈവവൈവിദ്ധ്യമാണ് പ്രകൃതിയുടെ താളത്തിനനുസരിച്ച് ജീവജാലങ്ങളെ നിലനിർത്തുന്നത്. മനുഷ്യ സംസ്കൃതിയുടെ അടിസ്ഥാനവും ഈ ജൈവവിഭവങ്ങൾ തന്നെ. ജൈവവൈവിദ്ധ്യം അതിന്റെ പൂർണ്ണമായ തികവിൽ നിലനിൽക്കുന്നത് മനുഷ്യന്റെ ഇടപെടലുകൾ കുറഞ്ഞ വനങ്ങളിലാണ്.,

### സാമൂഹ്യമൂല്യം

നമ്മുടെ സമൂഹം പലവിധത്തിലും ഉപജീവനത്തിനു വേണ്ടി വനങ്ങളെ ആശ്രയിക്കുന്നുണ്ട്. സാമൂഹ്യതലത്തിലും സാമ്പത്തികതലത്തിലും അധ:സ്ഥിതരായ സമൂഹത്തിലെ ശ്രേണികളാണ് വനങ്ങളെ ഈ വിധത്തിൽ നേരിട്ട് ഏറ്റവും കൂടുതൽ ആശ്രയിക്കുന്നത്. സ്വന്തം ആവശ്യത്തിന് പ്രയോജനപ്പെടുന്നതിനു പുറമെ ചെറിയതെങ്കിലും സാരമായ വരുമാനമാർഗ്ഗമായും വന്യ ജൈവവിഭവങ്ങൾ വർത്തിക്കുന്നു. ഇത്തരം വനാശ്രിതത്വം വലിയൊരു വിഭാഗം ജനങ്ങളുടെ നിലനിൽപ്പിന്റെ അടിസ്ഥാനമാണ്. ഈ ആശ്രിതത്വവും വനങ്ങളുമായുള്ള അവരുടെ ബന്ധവും സാമ്പത്തികമായ അളവുകോലുപയോഗിച്ച് കണക്കാക്കാൻ പ്രയാസമാണ്. ഒരു കാര്യം തീർത്തു പറയാം: വനങ്ങളും അതിലെ ജൈവവിഭവങ്ങളും ഇല്ലാതെ വരുന്ന പക്ഷം നമ്മുടെ നാട്ടിലെ വലിയൊരു ജനവിഭാഗം തീർത്തും അശരണരാവും. കഴിഞ്ഞ കാലങ്ങളിലുണ്ടായ വനങ്ങളുടെ അന്യവല്ക്കരണം പാരമ്പര്യ വനാശ്രിത സമൂഹങ്ങളെ തെല്ലൊന്നുമല്ല തളർത്തിയിട്ടുള്ളത്

### സാംസ്കാരിക മൂല്യം.

വനങ്ങളുമായി നിരന്തരം ബന്ധപ്പെടുന്ന സമൂഹങ്ങളുടെ ആചാരങ്ങളിലും വിചാരങ്ങളിലും മാത്രമല്ല ജീവിതത്തിന്റെ സമസ്ത മേഖലകളിലും വനങ്ങളുടേയും വനവിഭവങ്ങളുടേയും സ്വാധീനം ശക്തമായിരിക്കും. പ്രാക്തന സമൂഹങ്ങളിൽ വൈകാരികവും ആത്മീയവുമായ സ്വാധീനമായി ഈ ബന്ധം നിലനിൽക്കുന്നു എങ്കിൽ സംസ്കൃതസമൂഹങ്ങളിൽ ജൈവവിഭവങ്ങളുടെ പ്രയോജനങ്ങളായും ബൗദ്ധിക വ്യാപാരങ്ങളായും ശാസ്ത്ര സാമ്പത്തിക വിഭവങ്ങളായും വനസ്വാധീനം തെളിഞ്ഞു കാണാം. ഓരോ ജനസമൂഹത്തിന്റെയും മനസ്സിൽ അറിവായും പ്രയോഗമായും വനത്തിന്റെ സാംസ്കാരിക പശ്ചാത്തലം പച്ച പിടിച്ചു നില്ക്കുന്നുണ്ടാവും. ആധുനിക സമൂഹത്തിലെ അശ്രദ്ധ കൊണ്ട് ഇതിനു മങ്ങലേല്ക്കാമെന്നു മാത്രം.

## സാമ്പത്തികമൂല്യം

വനവിഭവങ്ങൾ വാണിജ്യവൽക്കരിക്കുന്നിടത്താണ് വനത്തിന്റെ സാമ്പത്തികമൂല്യം പ്രസക്തമാവുക. വാണിജ്യ വിഭവങ്ങളായ വനത്തോട്ടങ്ങളാണ് ഇതിന് പ്രത്യക്ഷ ഉദാഹരണം. ഇത്തരം തോട്ടങ്ങൾ വ്യാവസായങ്ങൾക്ക് ആവശ്യമായ അസംസ്കൃതവിഭവങ്ങൾ ഉത്പാദിപ്പിക്കാനും നാഗരികതയുടെ ആവശ്യങ്ങൾ പരിഹരിക്കാനും ആണ് കൂടുതൽ പ്രയോജനപ്പെടുന്നത്. ഇന്ന് വിലപിടിപ്പില്ലാത്തവയെന്നു കരുതപ്പെടുന്ന നമ്മുടെ വനങ്ങളിലുള്ള ജൈവവൈവിദ്ധ്യസഞ്ചയം ഭാവിയിൽ വനത്തിന്റെ സാമ്പത്തികമൂല്യ നിർണ്ണയത്തിൽ പരമപ്രധാനമായ ഘടകമായി മാറിയേക്കാം.

1988 ലെ ദേശീവനനയം വനത്തിന്റെ പാരിസ്ഥിതിക സാമൂഹ്യ മൂല്യങ്ങൾക്ക് ഊന്നൽ നൽകുമ്പോൾ 1993 ൽ റിയോ ഡി ജാനിറായിൽ വച്ച് നടന്ന ജൈവവൈവിദ്ധ്യ സംരക്ഷണ ചർച്ചയിൽ, അവഗണിക്കപ്പെട്ടിരുന്ന വനത്തിന്റെ ജൈവിക മൂല്യവും പുന:പ്രതിഷ്ഠ നേടി.

## പങ്കാളിത്തവനപരിപാലനം

മനുഷ്യൻ പരിണമിച്ചുണ്ടാകുന്നതിന് എത്രയോ കോടി വർഷം മുൻപേ വനങ്ങൾ ഉണ്ടായി. എണ്ണമറ്റ പരിണാമങ്ങളിലൂടെ വനങ്ങൾ സസ്യജന്തു സമൃദ്ധമായി. മനുഷ്യനു മുൻപുള്ള കാലഘട്ടത്തിൽ ഈ വന്യത ഭൂമുഖമെങ്ങും നിറഞ്ഞുനിന്നിരുന്നു. കാട്ടിലും കടലിലും പുഴകളിലുമൊക്കെയായി ഈ വന്യത വഴിഞ്ഞൊഴുകി.

ചരിത്രാതീതകാല മനുഷ്യർ ഈ വന്യതയുടെ ഭാഗമായിരുന്നു. പിന്നീട് ബോധപൂർവ്വമായ പ്രവർത്തനം കൊണ്ട് ഭൂമുഖമാകെ വളർന്നു വികസിച്ച മനുഷ്യൻ തന്റേതായ രീതിയിൽ ഒട്ടേറെ മാറ്റങ്ങൾ ഇവിടെ വരുത്തുകയുണ്ടായി. ഗ്രാമം, ജനപദം,നഗരം എന്നിങ്ങനെ വളർന്നു വികസിച്ച മനുഷ്യശക്തിക്കു മുന്നിൽ വന്യത ഒഴിഞ്ഞുമാറുന്നതായി നമുക്ക് കാണാൻ കഴിയും.

ഇപ്രകാരം മനുഷ്യൻ വന്യതയെ കീഴ്പ്പെടുത്തുമ്പോഴും തകർക്കുമ്പോഴും മനുഷ്യന് ഈ വന്യതയുടെ മേൽ ഉടമസ്ഥാവകാശം ഉന്നയിക്കാൻ സാദ്ധ്യമല്ല. മനുഷ്യ സൃഷ്ടിയല്ലാത്ത, മനുഷ്യൻ ഉണ്ടാകുന്നതിന് എത്രയോ മുൻപ് ജന്മം കൊണ്ട, മനുഷ്യനു കാരണ ഭൂതമായ ശക്തി സ്രോതസ്സാണ് വന്യപ്രകൃതി.

വനത്തിന്റേയും വന്യതയുടേയും യാഥാർത്ഥ ഉടമകൾ ആരാണ് എന്ന ചോദ്യം ഇവിടെ പ്രസക്തമാവുന്നു. വനത്തിനും വന്യതയ്ക്കും മേൽ ഉടമസ്ഥാവകാശം ഇല്ല. രാഷ്ട്രത്തിന്റെ സ്വത്ത് എന്ന് ലളിതമായി ഉത്തരം പറയാമെങ്കിലും ഈ രാഷ്ട്രസങ്കല്പം കാലാതിവർത്തിയായ ഒരു രാഷ്ട്ര സങ്കല്പമാണ്. ജീവിച്ചിരുന്നവരും ജീവിച്ചിരിക്കുന്നവരും ഇനി ഇവിടെ ജനിക്കാൻ പോകുന്നവരും എല്ലാം ഈ രാഷ്ട്രസങ്കല്പത്തിൽ ഉൾക്കൊള്ളുന്നു. മനുഷ്യർ മാത്രമല്ല, വന്യതയുടെ ഘടകങ്ങളായ ജീവജാലങ്ങളും ഇതേ രൂപത്തിൽ മനുഷ്യനോടൊപ്പം അവകാശികളാണ്. മറ്റൊരു രീതിയിൽ പറഞ്ഞാൽ കാല പരിഗണനയ്ക്കതീതമായി മനുഷ്യരും ജീവജാലങ്ങളും ഈ ഉടമസ്ഥതയ്ക്ക് അവകാശികളാണ്. മനുഷ്യനിർമ്മിതമല്ലാത്ത വനം, പുഴ, കടൽ, കായൽ, തടാകം, അന്തരീക്ഷം തുടങ്ങിയ പ്രകൃതിദത്തമായ ആവാസവ്യവസ്ഥകൾ നശിപ്പിക്കാൻ ആർക്കും അധികാരമില്ല. ഇവയെല്ലാം കാലാതിവർത്തിയായ മനുഷ്യന്റെ പൊതുസ്വത്താണ്. ഈ ആവാസവ്യവസ്ഥ ഉൾക്കൊള്ളുന്ന വന്യത നിലനിർത്തി, അതുകൊണ്ടുണ്ടാകുന്ന പ്രയോജനം അനുഭവിക്കാനുള്ള സ്വാതന്ത്ര്യമാണ് പരമാവധി നമുക്കുള്ളത്.

ഏതു സമയവും രാഷ്ട്രം വന്യതയുടെ സൂക്ഷിപ്പുകാരൻ മാത്രമാണ്, ഉടമസ്ഥനല്ല. രാഷ്ട്രത്തിന്റെ അവകാശം തന്നെ പരമാവധി ഒരു സൂക്ഷിപ്പുകാരന്റേതായിരിക്കെ, ഈ അവകാശം മാത്രമേ സംസ്ഥാനങ്ങൾക്കും അതിനുള്ളിലുള്ള ജനങ്ങൾക്കും പങ്കുവച്ചു കൊടുക്കുവാൻ കഴിയൂ. പങ്കാളിത്ത വനപരിപാലനത്തിലൂടെ വനസംരക്ഷണ സമിതിക്ക് പകർന്നു കിട്ടുന്നതു സൂക്ഷിപ്പുകാരനുള്ള അധികാരവും അവകാശവുമാണ്. വനസംരക്ഷണസമിതികളുടെ അധികാരം ഇതിലൊതുങ്ങുന്നു. വനം സംരക്ഷിച്ച് പരിപാലിക്കുന്നതോടൊപ്പം അതിൽ നിന്നു കിട്ടുന്ന പ്രയോജനം പ്രാദേശിക ജനങ്ങൾക്ക് എക്കാലത്തേക്കും ലഭ്യമാക്കലാണ് വനസംര

ക്ഷണ സമിതിയുടെ ദൗത്യം. ഈ പ്രയോജനം വനാശ്രിത സമൂഹങ്ങളുൾക്കൊളളുന്ന വനസംരക്ഷണസമിതിയുടെ വിഭവങ്ങളായി മാറ്റാം. പങ്കാളിത്ത വനപരിപാലനത്തിന്റെ അർത്ഥം ഇതാണ്.

## വനസംരക്ഷണസമിതി

വനത്തിനകത്തോ വനത്തോട് ചേർന്നോ ജീവിക്കുന്നവർ പലവിധത്തിലും വനത്തിനെ ആശ്രയിക്കുന്നവരാവും. ഇതിൽ സാമൂഹ്യ-സാമ്പത്തിക മേഖലകളിൽ പിന്നാക്കം നിൽക്കുന്നവർ വനാശ്രിതത്വം കൂടുതൽ ഉളളവരായിരിക്കും. ഇപ്രകാരം വനാശ്രിതത്വമുളള ജനങ്ങളുടെ കൂട്ടായ്മകൾ വനംവകുപ്പുമായി ചേർന്ന് രൂപംകൊടുക്കുന്നതാണ് വനസംരക്ഷണസമിതികൾ. സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക വിഭവങ്ങളെന്ന നിലയിൽ പ്രയോജനപ്പെടുന്നതുവഴി വനങ്ങൾ പ്രാദേശിക ജനങ്ങളുടെ അടിസ്ഥാനശക്തിയായി മാറ്റിയെടുക്കുന്ന പ്രവർത്തനമാണ് പങ്കാളിത്തവനപരിപാലനം.

നിർദ്ദിഷ്ടവനപ്രദേശത്ത് നിത്യജീവിതത്തിന്റെ ഭാഗമായി വനവിഭവങ്ങൾ ശേഖരിക്കുന്നവർ, വനസംരക്ഷണത്തിന് താൽപര്യമുളളവർ, വനത്തിന്റെ ഗുണദോഷങ്ങൾ അനുഭവിക്കുന്നവർ എന്നിവരടങ്ങുന്നതാണ് വനസംരക്ഷണസമിതി. ഇവരുടെ സഹകരണം വഴി വനവിഭവങ്ങളുടെ നിലനിൽപ്പുറപ്പാക്കിക്കൊണ്ടുളള ഉപയോഗക്രമങ്ങൾ വികസിപ്പിച്ചെടുക്കുകയും അത്തരം വിഭവങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കാനുളള നടപടികൾ കൈക്കൊളളുകയും വേണം. കാട്ടിൽനിന്നൊഴുകി വരുന്ന തോടുകളിലെ വെളളം പ്രധാന വനവിഭവമായി പരിഗണിക്കണം. അത് തദ്ദേശീയവിഭവപരിപാലത്തിന്റെ അമൂല്യഘടകമായി നിലനിർത്തുകയും ചെയ്യാം. വനസംരക്ഷണസമിതിയിൽ താഴെ പറയുന്ന വിഭാഗങ്ങൾക്ക് അംഗങ്ങളാകാം.

1) കാട്ടിൽ നിന്നും തടിയിതര വനവിഭവങ്ങൾ സ്വന്തം ആവശ്യത്തിനും വിപണനത്തിനും ശേഖരിക്കുന്നവർ, (2) കാട്ടിൽ നിന്നും വിറകെടുത്ത് കഴിഞ്ഞു കൂടുന്നവർ (3) കാലിത്തീറ്റയ്ക്ക് കാടിനെ ആശ്രയിക്കുന്നവർ (4) വീടുമേയാൻ പുല്ല്, ഇലകൾ എന്നിവ ശേഖരിക്കുന്നവർ (5) കാർഷിക ആവശ്യത്തിനും മറ്റു കാട്ടുചോലകളെ ആശ്രയിക്കുന്നവർ എന്നിങ്ങനെ പലവിഭാഗത്തിലുളളവർ നിർദ്ദിഷ്ടവനത്തെ ആശ്രയിക്കുന്നുണ്ടാകാം. ഇവരുടെ കൂട്ടായ്മയാണ് വനസംരക്ഷണസമിതി.

വനവിഭവങ്ങളുടെ ആരോഗ്യകരമായ <u>നിലനില്പ</u> വനസംരക്ഷണ സമിതികളാക്കി വിഭവ പരിപാലനം നടത്താനുളള ഉത്തരവാദിത്വം വനസംരക്ഷണ സമിതികളിൽ നിക്ഷിപ്തമാണ്.

## സമിതി-നയപ്രഖ്യാപനപ്രമാണം (MOA)

നയപ്രഖ്യാപനപ്രമാണം വനസംരക്ഷണസമിതിയെ സംബന്ധിച്ച് വളരെ പ്രധാനപ്പെട്ട ഒരു രേഖയാണ്. ഇതിൽ ക്രമേണ വനസംരക്ഷണസമിതിയുടെ പേര്, ദൗത്യങ്ങൾ, ലക്ഷ്യങ്ങൾ, പ്രവർത്തനങ്ങൾ, പ്രവർത്തന പ്രദേശങ്ങൾ മുതലായ വിവരങ്ങളൊടൊപ്പം വനം വകുപ്പിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കുവാനുളള സത്യപ്രതിജ്ഞ ഉൾപ്പെടുത്തിയിരിക്കണം. നയപ്രഖ്യാപനപ്രമാണം സമിതിയുടെ താൽക്കാലിക പ്രസിഡന്റും, എക്സിക്യൂട്ടീവ് സെക്രട്ടറിയും (ഫോറസ്റ്റർ/ഗാർഡ്) ചേർന്നു ഒപ്പിടേണ്ടതാണ്.

നാട്ടുകാരും വനംവകുപ്പുദ്യോഗസ്ഥരും ചേർന്ന് വിശദവും ഗാഢവുമായി പങ്കാളിത്ത വനപരിപാലനത്തെപ്പറ്റി ചർച്ച ചെയ്ത് വനസംരക്ഷണസമിതിയുടെ ആവശ്യകത ബോദ്ധ്യപ്പെട്ടശേഷം രൂപം കൊടുക്കുന്നതാണ് നയപ്രഖ്യാപനപ്രമാണം. സമിതി എന്ത്, എന്തിന്, എവിടെ എങ്ങനെ പ്രവർത്തിക്കുമെന്ന ഉറച്ച ധാരണ ആവശ്യമാണ്. നയപ്രഖ്യാപന പ്രമാണത്തിലെ ഓരോ വാക്കും വാചകവും വിസ്തരിച്ച് ചർച്ച ചെയ്യപ്പെട്ടതിനുശേഷം രേഖപ്പെടുത്തേണ്ടതുണ്ട്. വനസംരക്ഷണത്തിന് സാമൂഹികമായ ഉത്തരവാദിത്വം ഏറ്റെടുത്ത് ജനങ്ങൾ തയ്യാറാക്കുന്ന, നയപ്രഖ്യാപനപ്രമാണത്തിലന്മേലാണ് വനസംരക്ഷണസമിതി രൂപപ്പെടുന്നത്. ഇതാണ് സമിതി രജിസ്ട്രേഷന് ആധാരമായ ജനകീയപ്രമാണം.

# Chapter -2
# Resource Base & Planning

പങ്കാളിത്തവനപരിപാലനത്തിന്റെ അടിസ്ഥാനപ്രമാണമാണ് സൂക്ഷ്മാസൂത്രണരേഖ. ഇത് തയ്യാറാക്കുന്നത് പ്രാദേശിക വനാശ്രിതസമൂഹങ്ങളും വനംവകുപ്പും ചേർന്നാണ്. വിഭവശേഖരണത്തിൽ ശാസ്ത്രീയത ഉണ്ടെങ്കിൽ മാത്രമേ സ്ഥായിയായ പരിപാലനം സാദ്ധ്യമാകൂ എന്നതുകൊണ്ട് ശാസ്ത്ര സമൂഹങ്ങളുടെ പങ്കാളിത്തം കഴിവതും പ്രയോജനപ്പെടുത്തണം.

സൂക്ഷ്മാസൂത്രണരേഖ തയ്യാറാക്കാനും അതനുസരിച്ച് പ്രവർത്തിക്കാനും ആവശ്യമായ നടപടിക്രമങ്ങൾ പങ്കാളിത്തവനപരിപാലനം സംബന്ധിച്ച കൈപുസ്തകത്തിൽ വിശദമാക്കുന്നുണ്ട്. ബന്ധപ്പെട്ട ഏതാനും നിർദ്ദേശങ്ങളും സൂക്ഷ്മാസൂത്രണരേഖയിൽ നിന്നുള്ള പ്രസക്തഭാഗങ്ങളും താഴെ ചേർക്കുന്നു.

## സൂക്ഷ്മാസൂത്രണരേഖ

സമിതിയെ ശക്തിപ്പെടുത്തി വനസംരക്ഷണവും പരിപാലനവും ഊട്ടുറ്റതാക്കി വനത്തിന്റെ പ്രയോജനം സ്ഥായിയായി പ്രാദേശികജനങ്ങൾക്ക് ലഭ്യമാക്കാനുള്ള അടിസ്ഥാന പ്രമാണമാണിത്. സമിതിയുടെ നിർവഹണതലം പത്തു വർഷക്കാലത്തേക്കുള്ള സൂക്ഷ്മാസൂത്രണരേഖയ്ക്ക് രൂപം നൽകും. തടിയിതര വനവിഭവ ശേഖരണം നടത്തുന്നവർ, ബന്ധപ്പെട്ട ശാസ്ത്ര സാമൂഹ്യ സ്ഥാപനങ്ങൾ, വനംവകുപ്പ് എന്നീ വിഭാഗങ്ങൾ ഒത്തു ചേർന്ന് തയ്യാറാക്കുന്നതാണ് സൂക്ഷ്മാസൂത്രണരേഖ. സമിതിയുടെ പ്രവർത്തനമേഖലയ്ക്ക് പുറത്തു നിന്നും വരുന്ന വനത്തിന്റെ പാരമ്പര്യ ഉപയോക്താക്കളെ ആസൂത്രണരേഖ സമയത്ത് പങ്കെടുപ്പിക്കുന്നത് ഉചിതമായിരിക്കും. ഊരിലെ ജനങ്ങളെ ഉൾപ്പെടുത്തി നടത്തുന്ന പങ്കാളിത്തപഠനമാർഗ്ഗം ഉപയോഗിച്ചാണ് സൂക്ഷ്മാസൂത്രണരേഖയ്ക്ക് രൂപം കൊടുക്കേണ്ടത്.

പങ്കാളിത്തപഠനത്തിലൂടെ പ്രകൃതിവിഭവങ്ങളെ മനസ്സിലാക്കി, പരിപാടിയുടെ ഉദ്ദേശ ലക്ഷ്യവും പ്രവർത്തനങ്ങളും തീരുമാനിക്കുക, വനസംരക്ഷണ പരിപാലനം എന്നിവ സംബന്ധിച്ച ചുമതലകൾ, ഉത്തരവാദിത്വങ്ങൾ, മുറകൾ എന്നിവ തീരുമാനിക്കുക, പ്രവർത്തനങ്ങളുടെ വിവിധ ഘട്ടങ്ങൾ രൂപപ്പെടുത്തുക, പദ്ധതിയുടെ ചെലവുകളും പ്രയോജനങ്ങളും പങ്കിടാനുള്ള രീതികൾ തീരുമാനിക്കുക, പ്രവർത്തനങ്ങൾ വിലയിരുത്തുവാനും ആവശ്യമായ മാറ്റം വരുത്തുവാനും വേണ്ട നടപടികൾ തീരുമാനിക്കുക എന്നിവ സൂക്ഷ്മാസൂത്രണരേഖയിലുണ്ടാവണം.

നിർദ്ദിഷ്ടവനവും ഊരിലെ ജനങ്ങളും ഇവ തമ്മിലുള്ള പരസ്പര പൂരകമായ ബന്ധങ്ങളും ആകണം രേഖയുടെ കാതലായ പ്രമേയം. **പങ്കാളിത്തവനപരിപാലനത്തിന് അടിത്തറയിടേണ്ടത് ഊരിലെ ജനങ്ങളുടെ അറിവും വിവേകവും തന്നെയാണ്. സൂക്ഷ്മാസൂത്രണരേഖ നാട്ടുഭാഷയിലായിരിക്കണം. ഇത് ഒരിക്കലും ഒരു രഹസ്യപ്രമാണമല്ല.** ഊരിന് പുറത്തു നിന്ന് വരുന്ന വന ഉപയോക്താക്കൾ ഉള്ള പക്ഷം സൂക്ഷ്മാസൂത്രണരേഖയിൽ പ്രസ്തുത കാര്യം പ്രത്യേകം പരിഗണിച്ച് തീരുമാനങ്ങൾ കൈക്കൊള്ളണം.

സൂക്ഷ്മാസൂത്രണരേഖയ്ക്ക് അഞ്ച് ഭാഗങ്ങളുണ്ട്. ഒന്നാം ഭാഗത്തിൽ പങ്കാളിത്ത വനപരിപാലനത്തിന് തെരഞ്ഞെടുക്കപ്പെട്ട പ്രവർത്തനമേഖലയുടെ പൊതുവിവരങ്ങളും, പാരസ്പര്യങ്ങളും, വനപരിപാലനത്തിന്റെ കഴിഞ്ഞകാല നടപ്പുകാല വിനിയോഗവും, അവസ്ഥയും, അവയുടെ വിശകലനവും ആണ് ഉൾപ്പെടുത്തേണ്ടത്. രണ്ടാം ഭാഗത്തിൽ പരിപാടിയുടെ ഹ്രസ്വകാല ദീർഘകാല ലക്ഷ്യങ്ങളും, പ്രവർത്തനപരിപാടികളും, വിഭവ സ്രോതസ്സുകളെകുറിച്ചുള്ള വിവരങ്ങളും ഉൾപ്പെടുത്തണം. മൂന്നാം ഭാഗത്തിൽ വിഭവ പരിപാലനം, സമിതിയുടെ നടത്തിപ്പ്, ധനവിനിയോഗം, സാമൂഹ്യ ഉന്നമനത്തിനുള്ള നിർദ്ദിഷ്ട പ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെടുത്തണം. ഭാഗം നാലിൽ പങ്കെടുക്കുന്ന സ്ഥാപനങ്ങളും, അവരുടെ ചുമതലകളും, സമിതിയുടെ പ്രവർത്തനത്തിന് സുസ്ഥിരത കൈവരിക്കാനുള്ള നിർദ്ദേശങ്ങളും ഉണ്ടായിരിക്കണം. ഭാഗം അഞ്ചിൽ സമിതിയുടെ നയപ്രഖ്യാപന പ്രമാണം, ഭൂപടങ്ങൾ, ധാരണാപത്രത്തിന്റെ കരട്, മറ്റു നിർദ്ദിഷ്ട അനുബന്ധങ്ങൾ എന്നിവ ഉൾപ്പെടുത്തേണ്ടതാണ്.

ഇങ്ങനെ തയ്യാറാക്കുന്ന ആസൂത്രണരേഖ സമിതിയുടെ പൊതുയോഗത്തിൽ അംഗീകാരത്തിനു സമർപ്പിക്കുന്നു. തുടർന്നു ഡി.എഫ്.ഒ യ്ക്കും അവിടെ നിന്ന് അഭിപ്രായങ്ങളോടെ സി.എഫിനും എത്തിക്കുന്നു. രേഖയിൽ വേണ്ടിവന്നാൽ മാറ്റങ്ങൾ നിർദ്ദേശിക്കാൻ സി.എഫിനു അധികാരമുണ്ടായിരിക്കും. വനേതരപ്രവർത്തനങ്ങളും, വനനിയമങ്ങൾക്കെതിരായ പ്രവർത്തനങ്ങളും വനഭൂമിയിൽ ഉണ്ടാകരുത്. അംഗീകരിച്ച ആസൂത്രണരേഖ സമിതി മുഖാന്തിരം നടപ്പാക്കണം.

## സൂക്ഷ്മാസൂത്രണരേഖ തയ്യാറാക്കൽ

വനസംരക്ഷണസമിതിയിലെ അംഗങ്ങളും, വനംവകുപ്പ് നിയോഗിക്കുന്ന സൂക്ഷ്മാസൂത്രണസംഘവും ചേർന്ന് വനപരിപാലനം, സംരക്ഷണം, വിഭവസമാഹരണം, വിതരണം തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് സൂക്ഷ്മതലത്തിൽ ചിന്തിച്ച് തയ്യാറാക്കുന്നതാണ് സൂക്ഷ്മാസൂത്രണരേഖ. പങ്കാളിത്താധിഷ്ഠിതപഠന (PRA)ത്തിന്റെ പരിസമാപ്തിയായിരിക്കണം സൂക്ഷ്മാസൂത്രണരേഖ. പങ്കാളിത്താധിഷ്ഠിത പഠനത്തിലെ കണ്ടെത്തലുകളും സൂക്ഷ്മാസൂത്രണവേളയിലെ തീരുമാനങ്ങളും അപ്പപ്പോൾ സമാഹരിച്ച് പ്രമാണ രൂപത്തിലാക്കി തെയ്യാറാക്കും.

ഉപയോക്താക്കളും നിയോഗിക്കപ്പെട്ട സംഘാംഗങ്ങളും ചേർന്ന് ആദ്യമായി തീരുമാനിക്കേണ്ടതു് പങ്കാളിത്ത വനപരിപാലനത്തിന്റെ ദീർഘകാല ലക്ഷ്യങ്ങളാണ്. വനപരിപാലനം, വനസംരക്ഷണം, വനസംരക്ഷണസമിതിയുടെ ജനകീയ പ്രവർത്തനങ്ങൾ തുടങ്ങിയ ദീർഘകാല ലക്ഷ്യങ്ങളാണ് പരിഗണിക്കപ്പെടേണ്ടതു്.

പൊതുലക്ഷ്യങ്ങൾ നേടാനുള്ള ഹ്രസ്വകാല ലക്ഷ്യങ്ങളാണ് പിന്നീട്ട് തീരുമാനിക്കാനുള്ളതു്. ഓരോ പൊതുലക്ഷ്യത്തിനും അനുസൃതമായ ഹ്രസ്വകാല ലക്ഷ്യങ്ങൾ കണ്ടെത്താൻ സംഘാംഗങ്ങളെ അവരവരുടെ സംഘങ്ങളായി തിരിക്കാം. ഓരോ സംഘവും പ്രത്യേകം പ്രത്യേകം മാറിയിരുന്നു് ഹ്രസ്വകാല ലക്ഷ്യങ്ങൾക്ക് രൂപം കൊടുക്കണം.

വളരെ വിശദമായ കൂട്ടായ ചർച്ചകൾക്കുശേഷം ജനകീയ പങ്കാളിത്തത്തോടെ തയ്യാറാക്കേണ്ടതാണ് സൂക്ഷ്മാസൂത്രണരേഖ.

## ദീർഘകാല ലക്ഷ്യങ്ങൾ

നിർദ്ദിഷ്ട വനവും ഊരിലെ ജനങ്ങളും തമ്മിൽ ഭാവിയിൽ ഉണ്ടായിരിക്കേണ്ട പരസ്പര പൂരകമായ ബന്ധങ്ങളെപ്പറ്റി സമിതി വിഭാവന ചെയ്യുന്ന കാഴ്ചപ്പാടുകൾ പ്രാദേശിക (വസ്തുനിഷ്ഠ) സാഹചര്യങ്ങൾക്കു ഊന്നൽ നൽകണം.

സൂക്ഷ്മാസൂത്രണരേഖയുടെ ഏറ്റവും കാതലായ അംശമാണിതു്. ഇതിലെഴുതുന്ന ഓരോ വാക്കും വാചകവും സമിതി തലത്തിൽ വളരെയേറെ ചർച്ചകൾക്കു വിധേയമായിരിക്കണം. സമിതിയുടെ എല്ലാ അംഗങ്ങളുടേയും ക്രിയാത്മകമായ പങ്കാളിത്തം ഓരോ വാക്കിലും ഉറപ്പുവരുത്തണം.

വനസംരക്ഷണത്തിന് ഉത്തരവാദിത്വമുള്ള വനംവകുപ്പും വനത്തിന്റെ ഉപയോക്താക്കളും ജനങ്ങളും ചേർന്ന് പ്രാദേശികമായി നടപ്പാക്കുന്ന പ്രവർത്തനമാണ് പങ്കാളിത്തവനപരിപാലനം. വന ഉപയോക്താക്കൾ പരസ്പരം മത്സരിക്കുന്ന ഘടകങ്ങളായിട്ടില്ല ഇവിടെ നിലനിൽക്കുന്നതു്. എല്ലാ ഉപയോക്താക്കളും ചേർന്ന് ഒരു പൊതുലക്ഷ്യത്തിനുവേണ്ടി ഇവിടെ വർത്തിക്കുന്നു. ഈ പൊതുലക്ഷ്യമായിരിക്കണം സമിതിയുടെ സൂക്ഷ്മാസൂത്രണരേഖയിൽ രൂപപ്പെടുന്ന ദീർഘകാല ലക്ഷ്യം. ഓരോ വിഭാഗത്തിൽപ്പെട്ട ഉപയോക്താക്കളും മറ്റു ഉപയോക്താക്കളുടെ പ്രശ്നങ്ങളിൽ ക്രിയാത്മകമായി പങ്കുചേർന്ന് പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്താൻ വഴിയൊരുക്കണം. ( ഈ പശ്ചാത്തലത്തിൽ വനംവകുപ്പും ഒരു ഉപയോക്താവാണ്. നാടിന്റെ ദേശീയവും അന്തർദേശീയവുമായ പൊതുതാൽപര്യങ്ങളെ സംരക്ഷിക്കുന്ന ഉപയോക്താവെന്നതാണ് വനംവകുപ്പിന്റെ സ്ഥാനം).

## വനപ്രവർത്തനങ്ങൾ

### വനസംരക്ഷണം

വനത്തിന്റെ ഭദ്രതയും നിലനില്പിനും ഭീഷണിയാകുംവിധം മനുഷ്യരുടെ ദോഷകരമായ ഇടപെടൽ വനത്തിനകത്ത് ഇല്ലായ്മ ചെയ്യാനുള്ള സമിതിയുടെ പ്രവർത്തനങ്ങൾ സമൂഹത്തിന്റെ മനസ്സിനെ സ്വാധീനിച്ചുകൊണ്ടേ ലക്ഷ്യം നേടൂ. മനുഷ്യപ്രയത്നത്തിലല്ല മറിച്ച് സമൂഹതലത്തിൽ കൈവരിക്കുന്ന ലക്ഷ്യബോധം, ജാഗ്രത, ക്രിയാത്മകത തുടങ്ങിയവയാണ് വനസംരക്ഷണത്തിന്റെ അടിസ്ഥാനം എന്നു മനസ്സിലാക്കി പ്രവർത്തനങ്ങൾ ആവിഷ്കരിക്കണം. സമിതി തയ്യാറാക്കുന്ന സൂക്ഷ്മാസൂത്രണരേഖയിൽ ഈ ധാരണ പ്രബലമായ പ്രമേയമായിരിക്കണം.

### വനപരിപാലനം

വനത്തിന്റെ ഉല്പാദനക്ഷമത കൂട്ടി വനവിഭവങ്ങളും സമ്പത്തും വർദ്ധിപ്പിക്കാൻ വനത്തിൽ ചെയ്യുന്ന പ്രവൃത്തികൾ വേണ്ടവിധമായാൽ മനുഷ്യപ്രയത്നം വനത്തിനു പ്രയോജനകരമാണ്.

നാശോന്മുഖമായ വനഭൂപ്രകൃതിയെ പുനരുജ്ജീവിപ്പിക്കാൻ പ്രത്യേകം മണ്ണ്-ജലസംരക്ഷണോപാധികളും വൃക്ഷാവരണം തിരിച്ചുകൊണ്ടുവരാനുള്ള പരിപാടികളും ആകാം. തടി, ചെറുവനവിഭവങ്ങൾ, നീർമറി പ്രദേശത്തിനുള്ള പ്രത്യേകം പരിപാടികൾ എന്നിവയെല്ലാം ഉൾപ്പെടുത്താം.

വനവിഭവങ്ങളുടെ ഉപയോഗം കുറച്ചുകൊണ്ടുവരാൻ സഹായിക്കുന്ന അനുയോജ്യ സാങ്കേതികവിദ്യകൾ ഉദാ: വിറകിന്റെ ഉപഭോഗം കുറയ്ക്കാൻ ഇന്ധനക്ഷമത കൂടിയ അടുപ്പുകൾ പ്രാദേശികമായി ഉപയോഗിക്കുന്ന പക്ഷം കാട്ടിൽ നിന്നും വിറക് ശേഖരണം കുറയും. ഇത് മറ്റൊരുവിധത്തിൽ ചിന്തിച്ചാൽ വിറക് ഉല്പാദിപ്പിച്ചു കൊടുക്കുന്നതിന് തുല്യമാണ് രൂപപ്പെടുത്തലും പ്രയോഗിക്കലും.

### തടിയിതര വനവിഭവപരിപാലനം

ഇത് വനപരിപാലനത്തിന്റെ ഒരു ഘടകം മാത്രമാണ്.തടിയിതര വനവിഭവങ്ങളുടെ പരിപാലനം, വിളവെടുപ്പ്, വിതരണം, സംസ്കരണം, വിപണനം എന്നീ കാര്യങ്ങളെക്കുറിച്ച് വനസംരക്ഷണസമിതിയ്ക്ക് നിയമ നിർമ്മാണം നടപ്പിലാക്കാവുന്നതാണ്. ശ്രദ്ധയോടെ പരിചരിച്ച് ഉപയോഗിച്ചാൽ ചെറുവനവിഭവങ്ങളുടെ അക്ഷയഖനിയായി നിർദ്ദിഷ്ട വനത്തെ നിലനിർത്താനാകും. തടിയിതര വനവിഭവങ്ങൾ അഭിവൃദ്ധിപ്പെടുത്താനും, സംരക്ഷിക്കാനുമുള്ള പ്രവർത്തനങ്ങൾ സൂക്ഷ്മാസൂത്രണരേഖയിൽ കൊണ്ടുവരാം.

വനത്തിൽ തദ്ദേശീയ വനവിഭവങ്ങൾ അങ്ങിങ്ങായി വച്ചു പിടിപ്പിക്കാം. എന്നാൽ ഏതെങ്കിലും സ്ഥലത്ത് ഒരൊറ്റ ഇനം മാത്രമുള്ള ഏകവിളത്തോട്ടങ്ങൾ കൃഷിചെയ്യുവാൻ പാടില്ല. വൈവിദ്ധ്യമാർന്ന തദ്ദേശീയ വനവിഭവങ്ങൾ എക്കാലവും അവിടെ നിലനിർത്തത്തക്ക രീതിയിൽ മാത്രമേ ഇവ ശേഖരിക്കാനും പാടുള്ളൂ. വനവിഭവങ്ങളുടെ ശേഖരണം, വിപണനം എന്നീ കാര്യങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്ന ഉപയോക്താക്കൾ ഇക്കാര്യം സൂക്ഷ്മാസൂത്രണരേഖയിൽ പ്രതിപാദിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തണം.

വന്യസസ്യങ്ങളുടെ നഴ്സറി സ്ഥാപിച്ച് അവിടെ നിന്നും വിത്തും, തൈകളും വനത്തിനു പുറത്ത് വിതരണം ചെയ്യുന്ന പ്രവർത്തനം സമിതിക്കു ചെയ്യാവുന്നതാണ്.

ആദിവാസി സമൂഹം പാരമ്പര്യമായി വനത്തിൽ നിന്ന് ശേഖരിച്ചു വന്നിരുന്ന വന്യമായ ഭക്ഷ്യവസ്തുക്കളുടെ അഭിവൃദ്ധിക്കു വേണ്ടി ഉചിതമായ പരിപാലനമുറകൾ ആവിഷ്കരിച്ച് വനത്തിൽ നടപ്പാക്കാം. ആദിവാസികൾ പലപ്പോഴും അനുഭവിക്കുന്ന പട്ടിണി കുറയ്ക്കാനും ആരോഗ്യ സംരക്ഷണത്തിനും ഇത് ഏറെ പ്രയോജനം ചെയ്യും.

വനത്തിന്റെ പാരിസ്ഥിതിക മൂല്യങ്ങൾ നിലനിർത്തി വനവിഭവങ്ങളിൽ നിന്ന് കിട്ടുന്ന പ്രയോജനം പങ്കിടുന്ന നിയമവ്യവസ്ഥകൾ എന്തൊക്കെയായിരിക്കുമെന്ന് ആസൂത്രണരേഖയിൽ ഉണ്ടായിരിക്കും.

## ഹ്രസ്വകാല ലക്ഷ്യങ്ങൾ

ഉപയോക്താക്കളുടെ സാമൂഹിക-സാമ്പത്തിക-സാംസ്കാരിക-പാരിസ്ഥിതിക ആവശ്യങ്ങൾ ഉൾക്കൊണ്ട് കൃത്യമായി സ്ഥലകാലബന്ധിതമായ പ്രവർത്തനപരിപാടികളാണ് ഹ്രസ്വകാല ലക്ഷ്യങ്ങൾ. ഇവ ദീർഘകാല ലക്ഷ്യങ്ങൾ നേടാനുള്ള മാർഗ്ഗങ്ങളാണ്.

ഹ്രസ്വകാല ലക്ഷ്യങ്ങൾ സാധിക്കാൻ ആസൂത്രണത്തിൽ ഏറെ സൂക്ഷ്മത വേണം. ഓരോ പ്രവർത്തിയും എന്ത്, എപ്പോൾ, എങ്ങനെ, എന്തിന്, എവിടെ, എത്ര തുടങ്ങിയ കാര്യങ്ങൾ വളരെ സൂക്ഷ്മമായിത്തന്നെ വേർതിരിച്ചപഗ്രഥിച്ച് ആസൂത്രണത്തിനുപയോഗിക്കണം. വർത്തമാനകാലനടപടികളിൽ അതിസൂക്ഷ്മത പുലർത്തണം. **വർഷങ്ങളപ്പുറത്തേയ്ക്ക് ആസൂത്രണം നീണ്ടുപോകുമ്പോൾ സൂക്ഷ്മത കുറയും. എങ്കിലും പ്രാദേശിക യാഥാർത്ഥ്യങ്ങൾ കണക്കിലെടുത്ത് പരമാവധി സൂക്ഷ്മത നിലനിർത്താൻ ബോധപൂർവ്വമായ ശ്രമം വേണം.**

## ജൈവസംരക്ഷണമേഖലകൾ

പ്രവർത്തനമേഖലയിൽ തദ്ദേശീയ ഔഷധസസ്യങ്ങളും മറ്റു ജൈവസമ്പന്നതയും സംരക്ഷിക്കാൻ പ്രത്യേകം മേഖല തിരിച്ചിടണം. അപൂർവ്വവും വംശനാശഭീഷണി നേരിടുന്നതുമായ ഔഷധസസ്യങ്ങൾ ഇവിടെ പ്രത്യേകം സംരക്ഷിക്കുകയും അപ്രത്യക്ഷമായവ തിരിച്ചുകൊണ്ടുവരുകയും ചെയ്യാം. ഇവിടങ്ങളിൽ മനുഷ്യന്റെ ഇടപെടൽ പരമാവധി ഒഴിവാക്കാണം. വിത്തോ മറ്റു നടീൽ വസ്തുക്കളോ നിർദ്ദിഷ്ട പ്രദേശത്തു് നിന്നും സമിതിയുടെ പ്രത്യേക അനുവാദത്തോടെ മാത്രം ശേഖരിക്കാം. ഒരിക്കൽ വളരെ സാധാരണവും എന്നാൽ പിൽക്കാലത്തു് വളരെ അപൂർവ്വമായി മാറിയ (ഔഷധ) സസ്യങ്ങളുടെ പട്ടിക തയ്യാറാക്കേണ്ടതാണ്. നാട്ടറിവുകളുടെ അടിസ്ഥാനത്തിൽ തന്നെ വളരെ വിപുലമായ ഇത്തരം വിവരങ്ങൾ ശേഖരിക്കാനാവും. പാരമ്പര്യമായി (മരുന്നു)ചെടികൾ പറിച്ചെടുത്തു് ഉപജീവനം നടത്തുന്ന ആദിവാസി സമൂഹത്തിന് ഇക്കാര്യത്തിൽ കൂടുതൽ അറിവുണ്ടായേയ്ക്കാം. നാട്ടു വൈദ്യന്മാരുടെ സേവനവും ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്താവുന്നതാണ്. ജൈവവൈവിദ്ധ്യം ധാരാളമായി കാണുന്ന വനഭൂഭാഗങ്ങളും, അതുപോലെ പരിസ്ഥിതിപരമായി പ്രത്യേക സംരക്ഷണം അർഹിക്കുന്ന സ്ഥലങ്ങളും (കുത്തനെ ചെരിഞ്ഞഭൂമി, തോടിന്റെ ഓരങ്ങൾ, കുന്നിൻപുറങ്ങൾ മുതലായവ) ജൈവസംരക്ഷണമേഖലയിൽപെടുത്താം. ഇതു് വിഭവഭൂപടത്തിലും, പരിചരണഭൂപടത്തിലും പ്രത്യേകം അടയാളപ്പെടുത്തി പരിപാലനമുറകൾ നിഷ്കർഷിക്കണം.

## വിഭവഭൂപടം

നിർദ്ദിഷ്ടഭൂപ്രദേശത്തു് കാണപ്പെടുന്ന വിവിധ പ്രകൃതി വിഭവങ്ങളായ മരങ്ങൾ, സസ്യങ്ങൾ, ദൃശ്യഘടന,ചെരുവ്, ജലം തുടങ്ങിയവ പ്രാതിനിധ്യ സ്വാഭാവമുള്ള നിറങ്ങളും വരകളും ഉപയോഗിച്ച് ആലേഖനം ചെയ്തിരിക്കുന്ന ഭൂപടമാണ് വിവഭവഭൂപടം. ഋതുഭേദങ്ങളനുസരിച്ചുണ്ടാകുന്ന പരിവർത്തനങ്ങളും ഇതിൽ വിഷയീഭവിക്കാം.

## പരിചരണഭൂപടം

കൃത്യമായ സ്ഥലവിവരം, വിസ്തൃതി, നടപ്പാക്കുന്ന പരിപാടികളുടെ സമയബന്ധത എന്നിവ കാണിക്കുന്ന ഭൂപടമാണ് ഇതു്. കാര്യങ്ങൾ വ്യക്തമാക്കാനായി പ്രത്യേകം പ്രത്യേകം നിറം കൊടുത്തു ഭൂപടം നിർമ്മിക്കണം. ഓരോ പ്രവർത്തനവും എവിടെയാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്ന് മനസ്സിലാക്കുവാൻ സമിതിയംഗങ്ങൾക്ക് ഇതു് പ്രയോജനപ്പെടും. ഒരേ സ്ഥലത്തു തന്നെ ഒന്നിലേറെ വിഭാഗത്തിലുള്ള പരിചരണങ്ങൾ ഉണ്ടാകാം.

## വനസംരക്ഷണസമിതിയുടെ ദൗത്യം

ജൈവസംരക്ഷണമേഖലയുടെ പുറത്ത് വനവിഭവങ്ങൾ വളർത്തിയെടുക്കുന്നതും പരിപാലിക്കുന്നതും സമിതിയുടെ സന്നദ്ധസേവനമായിരിക്കും. പ്രസ്തുത സ്ഥലത്തെ തടിയിതര വനവിഭവങ്ങൾ പൂർണ്ണമായും സമിതിയ്ക്ക് അവകാശപ്പെട്ടതാണ്. ഇവയുടെ നിലനിൽപ്പിന് ഭീഷണി ഇല്ലാത്ത വിധം ഇവ ഉപയോഗിക്കാനും പരിപാലിക്കാനുമുള്ള പൂർണ്ണമായ ഉത്തരവാദിത്വം സമിതിയ്ക്കുണ്ട്.

സൂക്ഷ്മാസൂത്രണരേഖയിൽ ഉന്നയിക്കുന്ന ലക്ഷ്യങ്ങൾ നേടിയെടുക്കാനും തദ്ദേശീയ പൈതൃകമായ ജൈവവൈവിദ്ധ്യ സമ്പന്നത എന്നെന്നേയ്ക്കുമായി കാത്തുസൂക്ഷിക്കുവാനും സുതാര്യമായ പ്രവർത്തനശൈലി നിലനിർത്താനും സമിതി പ്രതിജ്ഞാബദ്ധമാണ്.

പങ്കാളിത്തവനപരിപാലനം ശരിയായ രീതിയിൽ പ്രാവർത്തികമാക്കാൻ സമിതിയിലെ അംഗങ്ങൾക്ക് വിവിധ വിഷയങ്ങളിൽ പരിശീലനം അത്യാവശ്യമാണ്. പരിശീലന പരിപാടികൾ ആസൂത്രണരേഖയിൽ ഉൾപ്പെടുത്തണം

## സൂക്ഷ്മാസൂത്രണരേഖ -- പ്രസക്തഭാഗങ്ങൾ

### ഭാഗം - ഒന്ന്

*വനഭൂമി* (പ്രകൃതിദത്ത അതിരുകൾ അടിസ്ഥാനപ്പെടുത്തി മൊത്തം വനഭൂമിയെ ചെറിയ ഖണ്ഡങ്ങളായി തിരിച്ച് ഓരോന്നിന്റെയും സ്വഭാവ വിശേഷങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. ചെറിയ ഖണ്ഡങ്ങൾ ഓരോന്നിനും സ്ഥലപ്പേരുകളോ ഉചിതമായ സംഖ്യകളോ കൊടുത്ത് സൂചിപ്പിക്കാം)

- *ഭൂമിയുടെ കിടപ്പ് (ചെരുവ്)*
- *നീർച്ചാലുകൾ (വറ്റാത്തവ, വറ്റുന്നവ) (പേരുകൾ)*
- *വനതരങ്ങൾ (Forest types)*
- *നിലവിലുള്ള മരങ്ങൾ, സസ്യങ്ങൾ*
- *പക്ഷികളും, മൃഗങ്ങളും*
- *പ്രത്യേകം ശ്രദ്ധാർഹമായ സസ്യജന്തുജാതികൾ*
- *പ്രാദേശിക സമൂഹം അങ്ങേയറ്റം മൂല്യം കൽപ്പിക്കുന്ന വന്യ-സസ്യജാലങ്ങൾ*
  (പ്രാദേശികമായ പേരുകൾ കഴിവതും ഉപയോഗിക്കാം)

*വനവിഭവങ്ങളുടെ ഉപയോഗം*

*വനവിഭവം- ഇനം* *സ്വന്തം ആവശ്യത്തിന് ശേഖരിക്കുന്നത്*

| യഥേഷ്ടം ലഭ്യമാകുന്നത് | അപൂർവ്വം ലഭ്യമാകുന്നത് | തീരെ ഇല്ലാതായത് |
|---|---|---|
| ഇടം | ഇടം | ഇടം |

*വനവിഭവം- ഇനം* *വിപണനത്തിനായി ശേഖരിക്കുന്നത്*

| യഥേഷ്ടം ലഭ്യമാകുന്നത് | അപൂർവ്വം ലഭ്യമാകുന്നത് | തീരെ ഇല്ലാതായത് |
|---|---|---|
| ഇടം | ഇടം | ഇടം |

*(വിഭവ ഭൂപടം ഇതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കാം)*
*(പ്രാദേശികമായ പേരുകൾ കഴിവതും ഉപയോഗിക്കുക)*

## പാരസ്പര്യങ്ങൾ

പട്ടിക 1

**നിർദ്ദിഷ്ട വനത്തിന്റേയും വനവിഭവങ്ങളുടേയും മേൽ പ്രാദേശിക ജനങ്ങൾ എങ്ങനെയെല്ലാം ബന്ധപ്പെടുന്നു.**

| വനസംരക്ഷണത്തിന് അനുകൂല സാഹചര്യങ്ങളൊരുക്കുന്ന ബന്ധങ്ങൾ | വനനാശത്തിന് വഴിയൊരുക്കുന്ന ബന്ധങ്ങൾ |
|---|---|
| 1.<br>2. വളർത്തിയെടുക്കേണ്ടവ<br>-<br>- | 1.<br>2. ഇല്ലാതാക്കേണ്ടവ<br>-<br>- |

പട്ടിക 2

**പ്രാദേശിക ജനങ്ങളുടേയും അവരുടെ വിഭവങ്ങളുടേയും മേൽ വനങ്ങൾ ചെലുത്തുന്ന സ്വാധീനം**

| വനസംരക്ഷണത്തിന് അനുകൂല സാഹചര്യങ്ങളൊരുക്കുന്ന ബന്ധങ്ങൾ | വനനാശത്തിന് വഴിയൊരുക്കുന്ന ബന്ധങ്ങൾ |
|---|---|
| 1.<br>2. വളർത്തിയെടുക്കേണ്ടവ<br>-<br>- | 1.<br>2. കുറച്ചുകൊണ്ടുവരേണ്ടവ<br>-<br>- |

ഏതെല്ലാം ബന്ധങ്ങളാണ് മേൽപ്പറഞ്ഞ വിധത്തിൽ ഉള്ളതെന്ന് വന ഉപയോക്താക്കൾ സ്വയം കണ്ടെത്തി ഇനം തിരിച്ച് രേഖപ്പെടുത്തണം. വളരെ നിസ്സാരമെന്ന തോന്നുന്നവപോലും ഇങ്ങനെ രേഖപ്പെടുത്തേണ്ടതുണ്ട്. ഈ കണ്ടെത്തലിന്റെ വെളിച്ചത്തിൽ, പദ്ധതി കാലാവധിയായ 5 വർഷം കഴിയുമ്പോൾ ഇന്നത്തെ അവസ്ഥയിൽ നിന്ന് എങ്ങനെയെല്ലാം മാറണമെന്ന് ലക്ഷ്യമിടാനാകും. പ്രസ്തുത ലക്ഷ്യങ്ങൾ കൈവരിക്കാൻ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തണമെന്ന് സമിതിയ്ക്ക് തീരുമാനിക്കാനും സാധിക്കും.

### വർഷംതോറും പുറത്തേക്ക് പോകുന്ന വനവിഭവങ്ങളുടെ അളവ്

1. ഊരിന്റെ സ്വന്തം ആവശ്യത്തിന് ഉപയോഗിക്കുന്നത്
2. പുറത്തുപോകുന്നത്

### വനപരിപാലന പ്രദേശത്തിന്റെ വിനിയോഗം

കഴിഞ്ഞ കാലം

- *വനഭൂമി എങ്ങനെയൊക്കെ പ്രയോജനപ്പെടുത്തി ?*
- *ബന്ധപ്പെട്ട ഉപയോക്തൃ സമൂഹങ്ങൾ?*
- *ഏതെല്ലാം വിഭവങ്ങൾ?*

നടപ്പുകാലം

- *വനഭൂമി ഇന്ന് എങ്ങനെയൊക്കെ പ്രയോജനപ്പെടുത്തുന്നുണ്ട്?*
- *ബന്ധപ്പെട്ട സമൂഹങ്ങൾ?*
- *ഏതെല്ലാം വിഭവങ്ങൾ?*

വനഭൂമിയുടെ അവസ്ഥ (നിലവാരം)

[മെച്ചമായത് (1) ഇടത്തരം (2) മോശമായത്]

- *വനാവരണം*
- *ഭൂഭാഗദൃശ്യം (മണ്ണ് നഷ്ടപ്പെട്ട പാറക്കെട്ടുകൾ തെളിയുന്നുണ്ടോ? എന്നും മറ്റും)*
- *ജൈവവൈവിദ്ധ്യം*

**ശോഷണത്തിനുള്ള കാരണങ്ങൾ**

***കഴിഞ്ഞകാലങ്ങളിൽ***

*നടപ്പുകാലം*

***പ്രസ്തുത വനഭൂമി നൽകിയിരുന്ന പാരിസ്ഥിതിക മൂല്യങ്ങളും, വനവിഭവങ്ങളും ശോഷിച്ച് പോയതു കൊണ്ട് പ്രാദേശികമായി സംഭവിച്ച മാറ്റങ്ങൾ***

പാരിസ്ഥിതിക ധർമ്മങ്ങൾക്കേറ്റ ക്ഷതങ്ങൾ

| ഇല്ലാതായതും, നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നതുമായ വനവിഭവങ്ങൾ | വനത്തെ ആശ്രയിച്ച് ഉപജീവനം നയിച്ചിരുന്നവർക്കുണ്ടായ ആഘാതങ്ങൾ |
|---|---|
| | |

## ഭാഗം - രണ്ട്

## പരിപാലനം (ഭാവിയിലേയ്ക്കുള്ള നിർദ്ദേശങ്ങൾ)

**ദീർഘകാല ലക്ഷ്യങ്ങൾ**

വനപ്രദേശത്ത് ജീവിക്കുന്ന സമൂഹത്തിന്റെ പങ്കാളിത്തത്തോടെ തടിയിതര വനവിഭവങ്ങളുടെ സ്ഥായിയായ പരിപാലനവും വനസംരക്ഷണവും നടപ്പാക്കുക. ഇതിനായി പാരമ്പര്യ വിജ്ഞാനം പരമാവധി പ്രയോജനപ്പെടുത്തുക.

ഓരോ പ്രദേശത്തിന്റേയും സ്വാഭാവികമായ വന്യതയെ പരിപോഷിപ്പിച്ച് വനവിഭവങ്ങളുടെ ഉറവ വറ്റാത്ത സ്രോതസ്സായി വനപ്രദേശങ്ങളെ നിലനിർത്തുക.

6.2 ഹ്രസ്വകാല ലക്ഷ്യങ്ങൾ *(ലക്ഷ്യം നേടുവാനുള്ള ആദ്യത്തെ 5 വർഷത്തെ സമയബന്ധിത പരിപാടികൾ.*

6.2.1 വനവും, വനവിഭവങ്ങളും അഭിവൃദ്ധിപ്പെടുത്തൽ

6.2.2 അഞ്ച് വർഷത്തിനുശേഷം വനവും, ഉപയോക്താക്കളും തമ്മിലുള്ള പാരസ്പര്യങ്ങൾ എങ്ങനെയായിരിക്കണം എന്നതിന്റെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തിയെടുക്കുന്ന ലക്ഷ്യങ്ങൾ

**പട്ടിക 1**

**നിർദ്ദിഷ്ട വനത്തിന്റേയും വനവിഭവങ്ങളുടേയും മേൽ പ്രാദേശിക ജനങ്ങൾ എങ്ങനെയെല്ലാം ബന്ധപ്പെടുന്നു.**

| വനസംരക്ഷണത്തിന് അനുകൂല സാഹചര്യങ്ങളൊരുക്കുന്ന ബന്ധങ്ങൾ ഓരോന്നും അഞ്ചുവർഷത്തിനു ശേഷം എങ്ങനെയാവണം ? | വനനാശത്തിന് വഴിയൊരുക്കുന്ന ബന്ധങ്ങൾ അഞ്ചുവർഷം കഴിയുമ്പോഴേയ്ക്കും എത്ര കുറയ്ക്കണം? |
|---|---|
| 1. | 1. |
| 2. | 2. |
| - | - |
| - | - |

## പട്ടിക 2

**പ്രാദേശിക ജനങ്ങളുടേയും അവരുടെ വിഭവങ്ങളുടേയും മേൽ വനങ്ങൾ ചെലത്തുന്ന സ്വാധീനം എങ്ങനെയായിരിക്കണം.**

| വനസംരക്ഷണത്തിന് അനുകൂല സാഹചര്യങ്ങളൊരുക്കുന്ന ബന്ധങ്ങൾ ഓരോന്നും അഞ്ചുവർഷത്തിനു ശേഷം എങ്ങനെയാവണം ? | വനനാശത്തിന് വഴിയൊരുക്കുന്ന ബന്ധങ്ങൾ അഞ്ചുവർഷം കഴിയുമ്പോഴേയ്ക്കും എത്ര കുറയ്ക്കണം? |
|---|---|
| 1.<br>2<br>-<br>- | 1.<br>2.<br>-<br>- |

7.1 താഴെക്കാണിച്ചിരിക്കുന്ന വിവിധ ഇനങ്ങളിലായി ഹ്രസ്വകാല ലക്ഷ്യങ്ങൾ/പ്രവർത്തനങ്ങൾ തിരിക്കുക

7.1.2 തടിയിതര വനവിഭവങ്ങളുടെ സ്ഥായിയായ നിലനില്പുറപ്പാക്കുന്ന പരിപാലനത്തിന്റെ സൂക്ഷ്മാംശങ്ങൾ

7.1.3 അപൂർവ്വമായി കൊണ്ടിരിക്കുന്ന വനപരിപാലനത്തിന് പ്രത്യേക പരിപാടകൾ

**7.1.7 ജൈവസംരക്ഷണ (Gene Pool) മേഖല**

- പ്രദേശം
- വിസ്തൃതി
- പ്രത്യേകതകൾ-ജൈവ/പാരിസ്ഥിതിക മൂല്യങ്ങൾ
- വനത്തിന്റെ ചെറിയ തുരുത്തുകൾ/ഇടമുറിയാത്ത ഒറ്റ വനപ്രദേശം
- അയൽവക്കത്തുള്ള ഊരിന്റെ വനസംരക്ഷണപ്രദേശത്തെ ജൈവസംരക്ഷണമേഖലയുമായി ചേർന്ന കിടപ്പുണ്ടോ
- അതിരുകൾ
- ഭൂപടം
- സംരക്ഷണത്തിനുള്ള നടപടികൾ
- അഭിവൃദ്ധിക്കുള്ള നടപടികൾ

7.1.9 പാരമ്പര്യ വിജ്ഞാനം പ്രയോജനപ്പെടുത്താനും അഭിവൃദ്ധിപ്പെടുത്താനുമുള്ള പ്രവർത്തനങ്ങൾ

7.1.11 ശേഖരിച്ച കൊണ്ടുവന്ന തടിയിതര വനവിഭവങ്ങളുടെ വിതരണം, വിപണനം വരവു ചെലവു കണക്കുകൾ സൂക്ഷിക്കൽ

7.1.12 ചെറു വനവിഭവങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള കുടിൽ വ്യവസായങ്ങൾ

7.1.16 ശോഷിച്ച വനപ്രദേശങ്ങളുടെ പുനരുജ്ജീവനത്തിന് കർമ്മപരിപാടികൾ

7.2 ഹ്രസ്വകാല ലക്ഷ്യങ്ങളും അതിനാവശ്യമായ പരിപാടികളും

ലക്ഷ്യം-I

## ഭാഗം-മൂന്ന്

9. വിഭവപരിപാലനം

9.1 സമിതി കൈക്കൊള്ളുന്ന നിയന്ത്രണങ്ങൾ/ക്രിയാത്മക ഇടപെടലുകൾ

9.1.1 *വനവിഭവങ്ങളിൽ* (ശേഖരണം, സംസ്കരണം, വിപണനം)

9.2.1 **ജൈവസംരക്ഷണമേഖലകൾ**

- **ജൈവസംരക്ഷണ മേഖലകളുടെ വിസ്തീർണ്ണം, ഭൂപടം**
- **ജൈവവിഭവങ്ങളുടെ വിശദവിവരം**
- **ജൈവവിഭവ സംരക്ഷണത്തിന് സമിതിയുടെ ഉത്തരവാദിത്വങ്ങൾ, ചുമതലകൾ**

9.2.2 വനവിഭവങ്ങൾ (വിറക്, തടി, തീറ്റപ്പുല്ല്, മേച്ചിൽപ്പുല്ല്, പച്ചിലവളം, ഔഷധസസ്യങ്ങൾ, ചെറുകിട വനവിഭവങ്ങൾ, ജലം തുടങ്ങിയവ)

| സ്വന്തം ആവശ്യത്തിന് വനവിഭവങ്ങളുടെ ശേഖരണം |
|---|
| ആദിവാസി സമൂഹങ്ങൾക്ക് സ്വന്തം ആവശ്യത്തിന് വനവിഭവങ്ങൾ വനത്തിൽ നിന്ന് ശേഖരിക്കാനുള്ള പ്രത്യേക അവകാശധികാരങ്ങൾ സർക്കാർ പ്രത്യേകം വിജ്ഞാപനം ചെയ്യണം. ഈ അവകാശാധികാരങ്ങൾ ഉത്തരവാദിത്വത്തോടെ അംഗങ്ങൾക്കുവേണ്ടി കൈകാര്യം ചെയ്യാനുള്ള ചുമതല വനസംരക്ഷണസമിതിക്കുണ്ട്. കൃത്യമായ ചട്ടങ്ങളും നടപടിക്രമങ്ങളും ഇതിനായി ആവിഷ്കരിച്ച് സമിതികൾ പ്രവർത്തിക്കണം. |

- അടിസ്ഥാനവിഭവങ്ങളുടെ വർഷാവർഷമുള്ള ലഭ്യത
- വർഷാവർഷം എടുക്കാവുന്നത്
- ഉപയോക്താക്കളുടെ എണ്ണം
- ഓരോ വിഭവത്തിന്റെയും ശേഖരണരീതി
- വിഭവങ്ങൾ കാലാകാലം നിലനിർത്തിക്കൊണ്ടുള്ള വിഭവപരിപാലനത്തിനു വേണ്ടി സമിതി കൈക്കൊള്ളുന്ന സർഗ്ഗാത്മക നിയന്ത്രണങ്ങൾ. ഓരോ വനവിഭവത്തിന്റെയും കാര്യത്തിൽ പ്രത്യേകം പ്രത്യേകം രേഖപ്പെടുത്തിയാൽ പ്രയോജനപ്പെടും.
- വിപണനത്തിൽ പരമാവധി പ്രാദേശികമായി പ്രയോജനം ലഭ്യമാക്കാൻ സമിതിയുടെ ഇടപെടലും നിയന്ത്രണങ്ങളും
- വിതരണത്തിൽ സമിതിയുടെ നിയന്ത്രണങ്ങൾ

# Chapter 3

## ജൈവവൈവിധ്യം

വളരെ സൂക്ഷ്മമായി നോക്കിയാൽ വിഭിന്നത പ്രകൃതിയുടെ ഒരു അടിസ്ഥാന പ്രമാണമാണെന്ന് കാണാം. വൈവിധ്യവും നാനാത്വവും ഒട്ടുമിക്ക ജീവജാലങ്ങളിലും നമുക്ക് ദർശിക്കാൻ കഴിയും. ജീവജാലങ്ങളിൽ കാണുന്ന വിഭിന്നതയുടേയും നാനാത്വത്തിന്റേയും സമഗ്രതയെ ജൈവവൈവിധ്യം എന്ന് നിർവ്വചിക്കാം. മറ്റൊരു തരത്തിൽ പറഞ്ഞാൽ എല്ലാ സസ്യങ്ങളും മൃഗങ്ങളും സൂക്ഷ്മ ജീവികളും ചേർന്ന ജൈവസമ്പന്നതയാണ് ജൈവവൈവിധ്യം.

**ജൈവവൈവിധ്യം പ്രധാനമായും മൂന്നു തരത്തിൽ കാണാം.**

1. ജൈവ ജാതി വൈവിധ്യം (Species Diversity)
2. ജനിതക വൈവിധ്യം (Genetic Diversity)
3. ആവാസ വ്യവസ്ഥ വൈവിധ്യം (Ecosystem Diversity)

### ജൈവജാതി വൈവിധ്യം

സസ്യങ്ങൾ, മൃഗങ്ങൾ, സൂക്ഷ്മജീവികൾ തുടങ്ങിയവയിലുള്ള ജാതികളെയാണ് ജൈവജാതി വൈവിധ്യം എന്നതുകൊണ്ടുദ്ദേശിക്കുന്നത്. മാവ്, പ്ലാവ്, തെങ്ങ് എന്നവ സസ്യങ്ങളിലും, എലി, പുലി, മാൻ എന്നിവ മൃഗങ്ങളിലും ജൈവജാതി വൈവിധ്യത്തിന് ഉദാഹരണങ്ങളാണ്.

### ജനിതക വൈവിധ്യം

ജനിതക ഘടകങ്ങളുടെ വ്യത്യസ്ഥത കൊണ്ട് ഓരോ ജൈവജൈതികളിലും വിവിധത കാണാം. ഇത്തരം വിവിധതകളെയാണ് ജനിതക വൈവിധ്യം എന്ന് പറയുന്നത്. പലതരത്തിലുള്ള മാവുകളും തെങ്ങുകളും മാവിന്റേയും തെങ്ങിന്റേയും ജനിതകവൈവിധ്യത്തിന് ഉദാഹരണങ്ങളാണ്.

### ആവാസ വ്യവസ്ഥ വൈവിധ്യം

ഒരു പ്രദേശത്തെ ചുറ്റുപാടുകൾക്ക് അനുയോജ്യമായി ജീവിക്കുന്ന സസ്യങ്ങളും മൃഗങ്ങളും സൂക്ഷ്മജീവികളും എല്ലാം ചേർന്ന ജീവവ്യവസ്ഥയിലുള്ള വിവിധതയെ ആവാസ വ്യവസ്ഥാവൈവിധ്യം എന്നുപറയുന്നു.

### ജൈവവൈവിധ്യം അളക്കൽ

ജൈവവൈവിധ്യത്തിന് രണ്ട് മാനങ്ങൾ ഉണ്ട്. ഒന്ന് അതിന്റെ നാനാത്വവും (variety) മറ്റേത് ജീവജാതിയുടെ ആപേക്ഷികമായ ധാരാളിത്തവും (relatively abandance of species) നാനാത്വം സാധാരണ അളക്കുന്നത് ജീവജാതി സമ്പന്ന സൂചിക (species richness index) ഉപയോഗിച്ചാണ്.

ജീവജാതി സമ്പന്ന സൂചിക (Species richness index) = $\frac{S}{\sqrt{N}}$

S = ഒരു ശേഖരണത്തിൽ നിന്നും ലഭിച്ച ജീവജാതികളുടെ എണ്ണം

N = ആകെ ശേഖരിച്ചവയുടെ എണ്ണം

ഉദാഹരണത്തിന് 10000 സസ്യങ്ങൾ ശേഖരിച്ചപ്പോൾ കണ്ടത് 400 ജൈവജൈതിയാണെങ്കിൽ

ജീവജാതി സമ്പന്ന സൂചിക = $\frac{400}{\sqrt{10000}} = 4$

ജീവജാതിയുടെ ആപേക്ഷികമായ ധാരാളിത്തം അളക്കുന്നതിന് സാധാരണയായി ഷാനൻ-വിന്നർ സൂചികയാണ് ഉപയോഗിക്കുന്നത്.

$H' = \sum p_1 \ln P_i$

$H'$ = ജീവജാതിയുടെ ആപേക്ഷികമായ ധാരാളിത്തം

$P_i$ = ഒരു ജൈവജാതിയിൽ കാണുന്ന വ്യക്തികളുടെ/എണ്ണത്തിന്റെ അനുപാതം ($n_1/N$)

$\ln$ = നാച്ചുറൽ ലോഗരിതം

$n_1$ = ഒരു ജൈവജാതിയുടെ ആധിക്യം

N = ആകെ ആധിക്യം

സാധാരണ ഈ സൂചിക ഏകദേശം 1.5 നും 3.5 നും ഇടയിൽ ആകും. വളരെ അപൂർവ്വമായിട്ട് മാത്രമാണ് 4.5ന് മുകളിൽ കാണുക.

**കേരളത്തിലെ ജൈവവൈവിധ്യം**

ഉഷ്ണമേഖലാ പ്രദേശത്തു സ്ഥിതിചെയ്യുന്ന കേരളം ജൈവവൈവിദ്ധ്യത്തിൽ സമ്പന്നമാണ്. ഉയർന്ന തോതിലുള്ള മഴയുടെ ലഭ്യതയും, അനുയോജ്യമായ താപനില, സമുദ്രനിരപ്പിൽ നിന്നും 2695 മീറ്റർ വരെ ഉയർന്ന് നിൽക്കുന്ന പശ്ചിമഘട്ട മലനിരകൾ, മണ്ണിന്റെ ഘടന എന്നിവയുമാണ് കേരളത്തിന്റെ വനങ്ങളെ സമ്പുഷ്ടമാക്കുന്നത്. പശ്ചിമ ഘട്ടത്തിന്റെ പടിഞ്ഞാറൻ ഭാഗത്തായിട്ടാണ് ജൈവവൈവിധ്യത്തിൽ സമ്പന്നമായ മഴക്കാടുകൾ കണ്ടുവരുന്നത്. പശ്ചിമഘട്ടത്തിന്റെ കിഴക്കൾ പ്രദേശങ്ങൾ മഴനിഴൽ പ്രദേശമാണ്. ഇവിടെ കുറ്റിക്കാടുകളും വരണ്ട ഇലപൊഴിയും വനങ്ങളുമാണ്. കേരളത്തിൽ അട്ടപ്പാടി, ചിന്നാർ എന്നീ സ്ഥലങ്ങൾ മഴനിഴൽ പ്രദേശത്താണ് സ്ഥിതിചെയ്യുന്നത്. വളരെ വ്യത്യസ്ഥമായ ആവാസ വ്യവസ്ഥകൾ കേരളത്തിൽ കണ്ടുവരുന്നതു കൊണ്ട് വൈവിദ്ധ്യമാർന്ന ജീവജാലങ്ങൾ ഇത്തരം ആവാസവ്യവസ്ഥകളിൽ കണ്ടുവരുന്നു.

കേരളത്തിലെ സസ്യസമൂഹത്തിൽ പ്രധാന വിഭാഗം സപുഷ്പികളാണ്. ഇതിൽ കൂടുതൽ ആവൃതബീജികളാണ്. 212 സസ്യകുടുംബങ്ങളിലായി 136 ജനുസ്സകളിൽപ്പെടുന്ന 4679 ഇനം (species) കേരളത്തിൽ നിന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 1637 എണ്ണം ദക്ഷിണേന്ത്യയിലെ സ്ഥാനീയ സസ്യങ്ങളാണ്. സപുഷ്പികളായ 3 അനാവൃതബീജികൾ മാത്രമേ കേരളത്തിൽ നിന്നും

രേഖപ്പെടുത്തിയുട്ടുള്ളൂ. അപുഷ്പിത സസ്യങ്ങളിൽ പ്രഥമസ്ഥാനം ശിലിന്ദ്രം-കൂൺ ജാതികൾക്കാണ്. 583 ജനുസ്സുകളിലായി 1990 ജൈവജാതികളാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആറു സസ്യകുടുംബങ്ങളിൽപ്പെടുന്ന 151 ജനുസ്സുകളിലായി 834 ജൈവജാതികൾ രേഖപ്പെടുത്തിയിട്ടുള്ള പായൽ ഇനത്തിനാണ് രണ്ടാംസ്ഥാനം. 26 കുടുംബങ്ങളിലായി 59 ജനുസ്സുകളിൽപ്പെടുന്ന 428 ജാതി കൽപ്പായലുകൾ കണ്ടെത്തിയിട്ടുണ്ട്. 38 കുടുംബങ്ങളിൽ 104 ജനുസ്സുകളിലായി 232 ശൈവാലങ്ങളും കലേയങ്ങളും രേഖപ്പെടുത്തിയിട്ടുണ്ട്. കേരളത്തിൽ നിന്നും 331 പന്നലാദികളും കണ്ടെത്തിയിട്ടുണ്ട്.

ഒരിനം സസ്യത്തിൽ തന്നെ മണത്തിലും ഗുണത്തിലും വൈജാത്യം കാണാം. കൂടാതെ ഈ സസ്യങ്ങളിൽ അടങ്ങിയിരിക്കുന്ന സംയുക്തങ്ങൾ ആയിരക്കണക്കിന് വരും. സമ്പന്നതയിൽ 273 വിള സസ്യങ്ങളുടെ അവയുടെ വന്യജാതികളുടെ ജന്മഗ്രഹവും കൂടിയാണ് കേരളം. പാരമ്പര്യ ചികിത്സാ സമ്പ്രദായത്തിലും ഭാരതീയ ചികിത്സാ സമ്പ്രദായങ്ങളിലുമായി ഉപയോഗിച്ചുവരുന്ന പലതരം ഔഷധസസ്യങ്ങൾ കൊണ്ടും സമ്പന്നമാണ് നമ്മുടെ വനങ്ങൾ. ദേശജാതിയ സസ്യങ്ങൾക്കൊണ്ട് സമൃദ്ധമാണ് നമ്മുടെ കാടുകൾ. ഈ പ്രതിഭാസം കാരണം കേരളത്തിന് ജൈവസമ്പന്ന പ്രദേശങ്ങളുടെ പട്ടികയിൽ സ്ഥാനം നേടാൻ കഴിഞ്ഞു.

## വംശനാശഭീഷണി നേരിടുന്ന ഔഷധസസ്യങ്ങൾ

പരിണാമത്തിന്റെ വിവിധ ദിശകളിൽ ഏറ്റവും അനുയോജ്യമായവ മാത്രം നിലനിൽക്കുകയും ബാക്കിയുള്ളവ നശിച്ചുപോവുകയും ചെയ്യുക ഒരു പ്രകൃതി നിയമമാണ്. ആയിരകണക്കിന് വർഷങ്ങളിലൂടെയാണ് ഇത് സംഭവിക്കുന്നത്. പക്ഷേ ഇന്ന് ആവാസ വ്യവസ്ഥയിൽ ഉണ്ടായിരിക്കുന്ന മാറ്റങ്ങളുമായി പൊരുത്തപ്പെടാനാവാതെയും അമിതചൂഷണം മൂലവും പല ജീവജാലങ്ങളുടേയും നിലനിൽപ് അപകടാവസ്ഥയിലായിക്കൊണ്ടിരിക്കുന്നു.

സ്വാഭാവികമായി വളരുന്ന ആവാസവ്യവസ്ഥയുടെ വിസ്തീർണ്ണം, പ്രായപൂർത്തിയായ ജീവജാലങ്ങളുടെ എണ്ണം, മുൻവർഷങ്ങളിൽ നിന്നും ഉണ്ടായിട്ടുള്ള കുറവ്, പുനർ ഉല്പാദന/പുനർജനനപ്രക്രിയയുടെ അഭാവം എന്നിവ കണക്കിലെടുത്ത് നിലനിൽപുതന്നെ അപകടത്തിലായ വിധത്തിൽ നശിച്ചു പോയവയെ വംശനാശം സംഭവിച്ചവ എന്ന് പറയുന്നു. അന്താരാഷ്ട്ര പ്രകൃതി/സംരക്ഷണ സമിതി - ഇപ്പോൾ ലോകസംരക്ഷണ സംഘടന- വംശനാശഭീഷണിയുടെ തോതനുസരിച്ച് സസ്യങ്ങളെ വംശനാശം സംഭവിച്ചവ, വന്യാവസ്ഥയിൽ വംശനാശം സംഭവിച്ചവ, ഗുരുതരമായ വംശനാശഭീഷണി നേരിടുന്നവ, വംശനാശഭീഷണി വന്നേക്കാവുന്നവ, നിലനില്പിന് സംരക്ഷണ മാർഗ്ഗത്തെ അവലംബിക്കേണ്ടവ എന്നിങ്ങനെ വിവിധ വിഭാഗങ്ങളിൽ പെടുത്തിയിരിക്കുന്നു.

കേരളത്തിൽ ഔഷധസസ്യങ്ങളായി ഏതാണ്ട് 800 ചെടികൾ ഉപയോഗിക്കുന്നതായി കണക്കാക്കപ്പെട്ടിരിക്കുന്നു. ഇവയിൽ അധികവും പ്രാദേശിക ചികിത്സാ രീതികളിലാണ് ഉപയോഗിക്കുന്നത്. ഏതാണ്ട് 200 ഔഷധസസ്യങ്ങൾ വ്യാവസായിക അടിസ്ഥാനത്തിൽ മരുന്ന് നിർമ്മാണത്തിനായി ശേഖരിക്കപ്പെടുന്നു. ഇവയിൽ കൂടുതലും വാർഷിക സസ്യങ്ങളാണ്. ദക്ഷിണേന്ത്യയിലെ 137 ഔഷധസസ്യങ്ങൾ വംശനാശഭീഷണി നേരിടുന്നവയാണ് എന്ന് പഠനങ്ങൾ തെളിയിക്കുന്നു.

### വംശനാശഭീഷണി നേരിടുന്ന ചില പ്രധാന വനഔഷധസസ്യങ്ങൾ

| നമ്പർ | ഇനം | ഉപയോഗ്യമായ ഭാഗം |
|---|---|---|
| 1 | മരമഞ്ഞൾ | കാണ്ഡം |
| 2 | വെള്ളകിൽ | തടി |
| 3 | വയമ്പ് | ഭ്രകാണ്ഡം |
| 4 | ചെറിയ ആടലോടകം | വേര് |
| 5 | ക്ലവളം | വേര്, ഇല, ഫലം |
| 6 | ചെറുപുന്നയരി | വിത്ത് |
| 7 | വിഭാൽ | ഫലം |
| 8 | പെരുകുറുമ്പ | വേര് |
| 9 | മഹാളിക്കിഴങ്ങ് | വേര് |
| 10 | ചിലന്തിക്കിഴങ്ങ് | കിഴങ്ങ് |
| 11 | മേന്തോന്നി | കിഴങ്ങ്, വിത്ത് |
| 12 | അടപതിയൻ | വേര് |
| 13 | ഓരിലത്താമര | കിഴങ്ങ് |
| 14 | സർപ്പഗന്ധി | വേര് |
| 15 | പൊൻകൊരണ്ടി | വേര് |
| 16 | അശോകം | തൊലി, പൂവ് |
| 17 | പാച്ചോറ്റി | തൊലി |
| 18 | നീർമരുത് | തൊലി |
| 19 | ആരോഗ്യപച്ച | ഇല, കായ |
| 20 | അമൃതപ്പാല | വേര് |
| 21 | ഇരുവേലി | വേര്, തണ്ട് |
| 22 | കുളവ് | തൊലി, കറ |
| 23 | തുകോൽപ്പക്കൊന്ന | വേര്, തണ്ട് |
| 24 | പലകപയ്യാനി | വേര് |

## വംശനാശഭീഷണിയുടെ കാരണങ്ങൾ

ഔഷധസസ്യങ്ങൾ അധികവും ശേഖരിക്കുന്നത് അവ സ്വാഭാവികമായി വളരുന്ന പ്രദേശങ്ങളിൽ നിന്നാണ്. ക്രമാതീതമായതും അശാസ്ത്രീയമായതുമായ ശേഖരണം പല ഔഷധസസ്യങ്ങളുടെ ലഭ്യതയെ സാരമായി ബാധിച്ചിട്ടുണ്ട്. ചിലത് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. ശരിയായ ഔഷധസസ്യങ്ങളുടെ അഭാവം മൂലം അവയ്ക്കുപകരമായി മറ്റ് സസ്യങ്ങൾ ഉപയോഗിക്കുന്ന പ്രവണത ഏറിവരികയാണ്.

ഒരു പ്രത്യേക പ്രദേശത്തോ ആവാസവ്യവസ്ഥയിലോ മാത്രം കാണപ്പെടുന്ന സ്ഥാനിയ സസ്യങ്ങൾ (Endemic species) ആണ് വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളിൽ കൂടുതൽ ഗുരുതരാവസ്ഥയിൽ ഉള്ളത്. നമ്മുടെ ഔഷധസസ്യങ്ങളിൽ കേവലം 5 ശതമാനം സ്ഥാനീയ സസ്യങ്ങൾ മാത്രമേ ഔഷധത്തിനായി ഉപയോഗിക്കുന്നുള്ളൂ. മറ്റുള്ളവ ദക്ഷിണേന്ത്യക്ക പുറത്ത് കാണപ്പെടുന്നു. എന്നാൽ ഇവയുടെ ലഭ്യത ദക്ഷിണേന്ത്യയിൽ വളരെയധികം കുറഞ്ഞിട്ടുണ്ട്. ഉദാഹരണത്തിന് മരമഞ്ഞൾ ദക്ഷിണഭാരതം മുതൽ ദക്ഷിണ - പൂർവേഷ്യവരെ വ്യാപിച്ച്

കിടക്കുന്നു. മുൻവർഷങ്ങളിലെ ക്രമാതീതമായ ശേഖരണം മൂലം ഈ സസ്യങ്ങൾ കേരളത്തിൽ അപൂർവ്വമായികൊണ്ടിരിക്കുകയാണ്. ഔഷധസസ്യങ്ങൾ പലതും ഇപ്പോൾ നിലനില്ക്കുന്നത് ഒരു പരിധിവരെ ഇവയുടെ പുനർജനനശേഷി (Reproductive efficiency), വർദ്ധിച്ച തോതിലുള്ള വിത്തുല്പാദനം, ഉയർന്ന സങ്കരണശേഷി എന്നിവ മൂലമാണ്. മരമഞ്ഞൾ പോലെയുള്ള സസ്യങ്ങളിൽ വിത്ത് ഉല്പാദനം വളരെ അപൂർവ്വമാണ്. മരമഞ്ഞൾ ഏകലിംഗ സസ്യമാണ്. പൂക്കൾ ഉണ്ടാകുവാൻ കുറഞ്ഞത് 25 വർഷത്തെ കാലാവധി വേണം. ആൺ ചെടികളും പെൺചെടികളും ഒരു പ്രദേശത്തു തന്നെ ഉണ്ടായാൽ മാത്രമേ പരാഗണം മൂലം വിത്ത് ഉൽപാദനം നടക്കുകയുള്ളൂ.

ഔഷധസസ്യങ്ങളുടെ ലഭ്യതയെ സാരമായി ബാധിക്കുന്ന മറ്റൊരു ഘടകം വിദേശ കള സസ്യങ്ങളുടെ കടന്ന് കയറ്റമാണ്. വളരെ പുഷ്ടിയായി വേഗം വളർന്ന് പിടിക്കുന്ന കള സസ്യങ്ങൾ ഔഷധസസ്യങ്ങളുടെ സ്ഥാനം അപഹരിക്കുന്നു. കുറുന്തോട്ടി, ഓരില, മൂവില, ചെറുതേക്ക്, ചെറുള, നാഗദന്തി, നറുനീണ്ടി, കരളകം തുടങ്ങിയ ഔഷധസസ്യങ്ങൾ ഇല പൊഴിക്കും വനങ്ങളിൽ അടിക്കാടുകളായിട്ടാണ് വളരുന്നത്. അരിപ്പൂചെടി (Lantana), കമ്മ്യൂണിസ്റ്റ് പച്ച എന്നീ വിദേശ സസ്യങ്ങളുടെ അതിപ്രസരം ഇന്ന് ഇലപൊഴിയും കാടുകളിൽ കാണാം. കൂടാതെ മൈക്കേനിയ, ആനതൊട്ടാവാടി എന്നീ പടർന്നു കയറുന്ന വള്ളിച്ചെടികൾ വനങ്ങളിൽ വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. ഒരിക്കൽ വ്യാപിച്ചു കഴിഞ്ഞാൽ ഇവയുടെ നിർമ്മാർജനം പ്രയാസമുള്ളതാണ്. അതുകൊണ്ട് ഇത്തരത്തിലുള്ള സസ്യങ്ങളുടെ വ്യാപനം തടയേണ്ടത് സ്വാഭാവിക സസ്യങ്ങളുടെ പ്രത്യേകിച്ച് ഔഷധസസ്യങ്ങളുടെ നിലനില്പിന് അത്യാവശ്യമാണ്.

ഔഷധസസ്യങ്ങളുടെ ലഭ്യതയെ പ്രതികൂലമായി ബാധിക്കുന്ന മറ്റൊരു പ്രധാന ഘടകം കാട്ടുതീയാണ്. കേരളത്തിലെ പുൽമേടുകളിലും, ഇലപൊഴിയും കാടുകളിലും, വേനൽക്കാലത്ത് കാട്ടുതീ ഒരു വാർഷിക സംഭവമായിക്കൊണ്ടിരിക്കുകയാണ്. തുടർച്ചയായി ഉണ്ടാകുന്ന കാട്ടുതീ ആ പ്രദേശത്തെ സ്വാഭാവിക സസ്യങ്ങളുടെ നിലനില്പ് അപകടത്തിലാക്കുകയും വിദേശസസ്യങ്ങളുടെ വളർച്ചയ്ക്കും ആധിപത്യത്തിനും വഴിതെളിയിക്കുകയും ചെയ്യുന്നു. പലപ്പോഴും വിദേശസസ്യങ്ങളുടെ ആധിപത്യത്തിന് മുഖ്യകാരണം വനങ്ങളുടെ ശോഷണമാണ്. അതുകൊണ്ട് വനങ്ങളുടെ ശോഷണം തടഞ്ഞ് അവയുടെ സ്വാഭാവിക അവസ്ഥ നിലനിർത്തേണ്ടതും ഔഷധസസ്യങ്ങളുടെയും മറ്റ് സ്വാഭാവിക സസ്യങ്ങളുടേയും നിലനില്പിന് അത്യന്താപേക്ഷിതമാണ്.

കേരളത്തിലെ വംശനാശഭീഷണി നേരിടുന്ന ഔഷധസസ്യങ്ങളിൽ വ്യാവസായികാടിസ്ഥാനത്തിൽ മരുന്ന് ഉൽപാദനത്തിന് ഉപയോഗിക്കുന്നവയും, പ്രാദേശികമായി മരുന്നിന് ഉപയോഗിക്കുന്നവയും ഉൾപ്പെടുന്നു. വ്യാവസായടിസ്ഥാനത്തിൽ മരുന്ന് ഉത്പാദിപ്പിക്കാൻ വേണ്ടിവരുന്ന വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളുടെ വാർഷിക ആവശ്യകത കണക്കിലെടുത്താൽ ഇനിയും എത്രനാൾ വനങ്ങളിൽ നിന്ന് ഈ സസ്യങ്ങൾ ലഭ്യമാകുമെന്നത് കണ്ടറിയേണ്ടിയിരിക്കുന്നു. ഉദാഹരണമായി 2000 മാണ്ടിലെ കണക്കനുസരിച്ച മരമഞ്ഞളിന്റെ ഉപയോഗം കേരളത്തിൽ 190 ടണ്ണാണ്. വംശനാശഭീഷണി നേരിടുന്ന പട്ടികയിൽപ്പെടുത്തിയിരിക്കുന്ന സസ്യങ്ങളിൽ 51 എണ്ണം മരങ്ങളും, 7 എണ്ണം കുറ്റിച്ചെടികളും, 23 എണ്ണം ചെറുസസ്യങ്ങളും, 12 എണ്ണം ദാരുലതകളും, 17 എണ്ണം ലതകളുമാണ്. മരങ്ങളുടെ വേരുകൾ ശേഖരിക്കുന്ന രീതി അവയുടെ നാശത്തിനിടയാക്കുന്നു. ആവശ്യാനുസരണം ലഭ്യമല്ലാത്തതും വംശനാശഭീഷണി നേരിടുന്നതുമായ മരങ്ങളും ദാരുലതകളും വേണ്ടത്ര അളവിൽ വച്ചുപിടിപ്പിച്ചാൽ മാത്രമേ അവയുടെ ലഭ്യത വരും കാലങ്ങളിൽ ഉറപ്പ് വരുത്താനാകൂ.

# Chapter 4

## തടിയിതര വനവിഭവങ്ങളുടെ സുസ്ഥിര ശേഖരണം

മരങ്ങളും വിറകും കൂടാതെ, വനങ്ങളിൽ നിന്ന് മനുഷ്യന് ഉപയോഗിക്കാവുന്ന മറ്റുചില വിഭവങ്ങളും ലഭിക്കുന്നുണ്ട്. മരങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വളരെ ചെറുതും വരുമാനം കുറഞ്ഞതുമായ ഈ ഇനങ്ങളെ ചെറുവനവിഭവങ്ങൾ (Minor Forest Products) എന്നാണ് വിളിക്കുന്നത്. ചെറുവനവിഭവങ്ങളിൽ പലതും അടിക്കാടുകളിലാണ് കാണപ്പെടുന്നത്. ഇത്തരം വിഭവങ്ങൾ ചെറുതാണെങ്കിലും വളരെയധികം തൊഴിലും വരുമാനവും ആദിവാസികൾക്കും വനാശ്രിതർക്കും നൽകുന്നുണ്ട്. കൂടാതെ വ്യവസായിക ആവശ്യങ്ങൾക്കുവേണ്ടിയും ഇവ ധാരാളമായി ഉപയോഗിക്കുന്നു. വർദ്ധിച്ചുവരുന്ന പ്രാധാന്യം മനസ്സിലാക്കി, ഈ വിഭവങ്ങളെ ഇപ്പോൾ തടിയിതര വനവിഭവങ്ങൾ എന്നാണ് വിളിച്ചുവരുന്നത്. തടിയിതര വനവിഭവങ്ങൾ എന്നാൽ വനങ്ങളിൽ നിന്നും മരങ്ങൾ നിറഞ്ഞ മറ്റു ഭൂപ്രദേശത്തു നിന്നും വനത്തിനു പുറത്തുള്ള സസ്യങ്ങളിൽ നിന്നും ലഭിക്കുന്ന ജൈവഉൽഭവമുള്ള തടിയിതര ഉല്പന്നങ്ങളാണ്.

കേരളത്തിലെ വനങ്ങളിലെ തടിയിതര വനവിഭവങ്ങളുടെ ഇനവിവരപ്പട്ടിക (Inventory) ശാസ്ത്രീയമായി തയ്യാറാക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നതേയുള്ളൂ. ലഭ്യമായ വിവരമനുസരിച്ച് നമ്മുടെ വനങ്ങളിൽ ഏകദേശം 500 ഓളം തടിയിതര വനവിഭവങ്ങൾ ഉണ്ടെന്നാണ് കണക്ക്. അതിൽ 110 ഓളം ഇനങ്ങൾ വാണിജ്യപ്രാധാന്യം ഉള്ളതാണ്. ഇവയെ പ്രധാനമായും ഭക്ഷ്യവസ്തുക്കൾ, ഔഷധസസ്യങ്ങൾ, കളിക്കാനും മറ്റു വീട്ടാവശ്യങ്ങൾക്കുമുള്ളത്, ചായം, പശ മുതലായവ ഉത്പാദിപ്പിക്കാൻ ഉപയോഗിക്കുന്നവ, മൃഗങ്ങളിൽ നിന്നും ലഭിക്കുന്ന ഉല്പന്നങ്ങൾ, ചൂരൽ, മുള എന്നിങ്ങനെ തരംതിരിക്കാം.

തടിയിതര വനവിഭവങ്ങൾക്ക് അതിന്റേതായ പ്രത്യേകതകൾ ഉണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടവ താഴെ പറയുന്നു.

- നാനാരൂപത്തിലുള്ള വിഭവങ്ങൾ
- ചിലകാലങ്ങളിൽ മാത്രം ലഭിക്കുന്നവ
- വിവിധ ഉപയോഗങ്ങളുള്ളത്
- ഒരേ ഇനങ്ങൾ വിവിധ മാർഗ്ഗങ്ങളിൽ നിന്നു ലഭ്യമാകുന്നത്.
- ഒരു ഇനത്തിൽ നിന്നും പലതരത്തിലുള്ള ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കാൻ കഴിയും
- ഉല്പന്നങ്ങൾക്ക് വളരെ പരന്നു കിടക്കുന്ന വിപണി.

### തടിയിതര വനവിഭവങ്ങളുടെ വിഭവ പരിമാണം (Quantification)

തടിയിതര വനവിഭവങ്ങൾ പലതരത്തിൽ കാണപ്പെടുന്നുണ്ട്. മരങ്ങൾ, കുറ്റിച്ചെടികൾ (shrubs), ചെറുസസ്യങ്ങൾ (herbs), മുതലായവ എല്ലാം ഇത്തരം വിഭവങ്ങൾ പ്രധാനം ചെയ്യുന്നുണ്ട്. അതുപോലെതന്നെ ഓരോ വിഭാഗങ്ങളിൽ നിന്നും കിട്ടുന്ന വിഭവങ്ങൾ വ്യത്യസ്ഥമാണ്. അതുകൊണ്ടുതന്നെ ഇവയുടെ പരിമാണം വളരെ വിഷമകരമായ ഒന്നാണ്. തടിയിതര വനവിഭവങ്ങളുടെ പരിമാണത്തിനായി താഴെ പറയുന്ന കാര്യങ്ങൾ അനുവർത്തിക്കേണ്ടതുണ്ട്.

- പഠനവിധേയമാക്കേണ്ട വനഭൂമിയുടെ ഒരു ഭൂപടത്തിൽ ഒരു കിലോമീറ്റർ ഗ്രിഡ് മാർക്ക് ചെയ്യുക. വനത്തിൽ ആ സ്ഥലം കണ്ടെത്തുകയും അടയാളപ്പെടുത്തുകയും ചെയ്യണം.
- മരങ്ങളുടെ അളവ് കണക്കാക്കുന്നതിന് 20m x 20m വലിപ്പമുള്ള ഒരു പ്ലോട്ട് അടയാളപ്പെടുത്തുകയും അതിൽ തടിയിതര വനവിഭവങ്ങൾ തരുന്ന മരങ്ങൾ എണ്ണുകയും ചെയ്യണം.
- വനവിഭവങ്ങൾ പ്രധാനം ചെയ്യുന്ന കുറ്റിച്ചെടികളുടെയും ചെറുസസ്യങ്ങളുടെയും കാര്യത്തിൽ യഥാക്രമം 5m x 5m, 2m x 2m വലിപ്പമുള്ള പ്ലോട്ടുകൾ രേഖപ്പെടുത്തുകയും അതിൽ തടിയിതര വനവിഭവങ്ങൾ തരുന്ന കുറ്റിച്ചെടികളുടേയും ചെറു സസ്യങ്ങളുടേയും എണ്ണം എടുക്കേണ്ടതുമാണ്.
- വലിയ മരത്തിന്റെ കാര്യത്തിൽ മരങ്ങളുടെ എണ്ണവും നെഞ്ചുയരത്തുള്ള മരത്തിന്റെ ചുറ്റളവും (GBH) ഉയരവും അളക്കണം. കൂടാതെ തൊലിയുടെ ഘനവും ശാഖകളുടെ എണ്ണവും രേഖപ്പെടുത്തേണ്ടതാണ്. പല മാതൃകാ (sample) മരങ്ങളിൽ നിന്നും ശേഖരിച്ച തൊലിയുടെ ശരാശരിതൂക്കം എടുത്ത് ഒരു മരത്തിൽ നിന്നും ലഭിക്കുന്ന തൊലിയുടെ പരിമാണം എടുക്കാവുന്നതാണ്.
- കുറ്റിച്ചെടികളുടെ ഉപയോഗപ്രദമായ ഭാഗങ്ങളുടെ തൂക്കം രേഖപ്പെടുത്താവുന്നതാണ്.
- ഏതെങ്കിലും ഒരു ജൈവജാതിയുടെ സാന്ദ്രത (density) ഒരു യൂണിറ്റ് സ്ഥലത്ത് (ഉദാ: ഒരു ഹെക്ടർ) കാണപ്പെടുന്ന അവയുടെ എണ്ണമാണ്.
- ഏതെങ്കിലും ജൈവജാതി കാണപ്പെടുന്നതിന്റെ ആവൃത്തി (frequency) കണ്ടുപിടിക്കാൻ ഈ ജൈവജാതി കാണപ്പെടുന്ന ചതുർഭുജങ്ങളുടെ (quadrats) എണ്ണത്തെ, പഠിക്കാൻ വേണ്ടി തിരഞ്ഞെടുത്ത ആകെ ചതുർഭുജങ്ങളുടെ എണ്ണം കൊണ്ട് ഹരിക്കണം.
- കുറ്റിച്ചെടികളുടെയും ചെറുസസ്യങ്ങളുടെയും ജൈവപിണ്ഡം (biomass) കണ്ടുപിടിക്കാൻ ഇവയിൽ ഓരോ ജൈവജാതിയുടേയും പത്ത് ചെടികൾ വീതം യാദൃശ്ചികമായി (random) തെരഞ്ഞെടുത്ത് അതിന്റെ തടി/തണ്ട്, ശാഖകൾ, പഴങ്ങൾ, വേരുകൾ എന്നിവയെല്ലാം വേർപ്പെടുത്തി ഒരു 'ഓവനിൽ' ഇട്ട് സ്ഥിരമായ തൂക്കം വരുന്നത് വരെ ചൂടാക്കുക. അതിനുശേഷം ശരാശരി തൂക്കം കണ്ടുപിടിക്കാവുന്നതാണ്. സാന്ദ്രതയും ശരാശരിതൂക്കവും പരിഗണിച്ച് ഓരോ ജൈവജാതിയുടേയും ജൈവപിണ്ഡം കണ്ടുപിടിക്കാവുന്നതാണ്.ഒരു വിഭവത്തിന്റെ തൂക്കം എന്നത്, ഒരു സസ്യത്തിന്റെ ഉപയോഗപ്രദമായ ഭാഗത്തിന്റെ തൂക്കം x സാന്ദ്രത x വിസ്തീർണ്ണം ÷1000.

## തടിയിതര വനവിഭവങ്ങളുടെ ശേഖരണം

തടിയിതര വനവിഭവങ്ങൾ നൂറ്റാണ്ടുകളായി വനത്തിൽ അധിവസിക്കുന്ന ആദിവാസികളും വനത്തിനു സമീപം താമസിക്കുന്ന ആളുകളും ശേഖരിച്ച് വരുന്നു. വനവിഭവങ്ങളുടെ പട്ടികയിൽ ആഹാരത്തിന് ഉപയോഗിക്കുന്നവ, ഔഷധ ആവശ്യത്തിനായി ഉപയോഗിക്കുന്നവ, വീട്ടാവശ്യത്തിനായി ഉപയോഗിക്കുന്നവ, അനുഷ്ഠാനങ്ങൾക്കും ആചാരങ്ങൾക്കും വേണ്ടി വരുന്ന ഇനങ്ങൾ എന്നിവ ഉൾപ്പെടുന്നു. ഇതിലധികവും ആഹാരപദാർത്ഥങ്ങളും ഔഷധത്തിനായി ഉപയോഗിക്കുന്നവയുമാണ്. ഇതരവനവിഭവങ്ങൾ ആദായവരുമാനവുമാണ്. അതിനാൽ തടിയിതര വനവിഭവങ്ങളുടെ നിലനിൽപ്പ് ഇതിനെ ആശ്രയിച്ച് ജീവിക്കുന്ന ജനങ്ങളുടെ വരുമാനമാർഗ്ഗത്തിന് അത്യന്താപേക്ഷിതമാണ്.

തടിയിതര വനവിഭവങ്ങളുടെ ലഭ്യത നാൾക്കുനാൾ കുറഞ്ഞുവരുന്നതായി കാണാവുന്നതാണ്. വനവിസ്തൃതിയിലുണ്ടായിട്ടുള്ള കുറവ്, വനങ്ങളുടെ ശോഷണം, വിദേശകളസസ്യങ്ങളുടെ കടന്നുകയറ്റം എന്നിവ കൂടാതെ അശാസ്ത്രീയമായ ശേഖരണരീതികളും ഇവയുടെ ലഭ്യത കുറയുവാനുള്ള പ്രധാന കാരണങ്ങളാണ്. മിക്ക വിഭവങ്ങളും ശരിയായ ശേഖരണ രീതികളിലൂടെ അവയുടെ ലഭ്യത തുടർന്നു ഉറപ്പുവരുത്തുവാൻ കഴിയും. ഇവയിൽ സസ്യങ്ങളുടെ വിവിധ ഭാഗങ്ങൾ ഉൾപ്പെടുന്ന ചെടികൾ സമൂലമായും, വേര്, കാണ്ഡം, ഇല എന്നിവയും, കായ്കളും വിത്തുകളും കറകളും എല്ലാം ഉൾപ്പെടുന്നു. ഇവ ഓരോന്നിനും അനുസൃതമായ ശേഖരണരീതികൾ അവലംബിക്കേണ്ടതാണ്. സുസ്ഥിരമായ ശേഖരണത്തിനു പ്രധാനമായും അവയുടെ ലഭ്യതയെകുറിച്ചും പുനർജനന തോതിനെകുറിച്ചും അറിഞ്ഞിരിക്കേണ്ടതാണ്. പുനർജനനത്തിന് ആനുപാതികമായി ശേഖരിച്ചെങ്കിൽ മാത്രമേ വനവിഭവങ്ങൾക്ക് തുടർന്നുള്ള നിലനിൽപ്പ് ഉറപ്പുവരുത്താനാവൂ. പുനർജനനതോത് എല്ലാ സസ്യങ്ങളിലും ഒരേ പോലെ അല്ല. വിത്തുമുഖാന്തിരം പുനർജനനം നടത്തുന്ന ചെടികളിൽ നിന്ന് ഉല്പാദനം നടക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തണം. കൂടാതെ വിത്തിന്റെ അങ്കുരണശേഷിയും മനസ്സിലാക്കേണ്ടതുണ്ട്. മരങ്ങളിൽ നിന്നും കായ്കൾ ശേഖരിക്കുമ്പോൾ വിത്തിന് വേണ്ടി ഒരു ഭാഗം ഒഴിവാക്കേണ്ടതുണ്ട്. ഏകവർഷസസ്യങ്ങൾ വിത്ത് ഉല്പാദനം പൂർത്തിയാക്കിയ ശേഷം ശേഖരിക്കണം. കറകൾ ശേഖരിക്കുമ്പോൾ തൊലിയിൽ ഉണ്ടാകുന്ന മുറിവ് തടിയെ ബാധിക്കാത്ത രീതിയിലായിരിക്കണം. തൊലി ശേഖരിക്കുമ്പോൾ തൊലി മരത്തിന്റെ ഒരു ഭാഗത്തു നിന്നും, തടിയിൽ നിന്നും അടർത്തി എടുക്കാതെ ചെത്തി എടുക്കണം. തൊലി ചെത്തിയെടുത്താൽ ഒന്ന്-രണ്ട് വർഷം കൊണ്ട് വീണ്ടും തൊലി വന്ന് മൂടുന്ന ഭാഗത്ത് നിന്ന് മാത്രമേ തൊലി ശേഖരിക്കാവൂ.

വനവിഭവശേഖരണത്തിൽ ഇപ്പോൾ മേൽപറഞ്ഞകാര്യങ്ങൾക്ക് പ്രാധാന്യം കൊടുക്കാറില്ല. ഇതിനുള്ള പ്രധാനകാരണം ശാസ്ത്രീയമായ ശേഖരണരീതികളെക്കുറിച്ച് നടത്തിയ പഠനങ്ങൾ നടപ്പിലാക്കാത്തതാണ്. ശാസ്ത്രീയമായ രീതികൾ അവലംബിച്ച് സുസ്ഥിരമായ ശേഖരണരീതിയുള്ള നിർദ്ദേശങ്ങൾ ഫലപ്രദമായി നടപ്പാക്കിയാൽ ഇവയുടെ തുടർന്നുള്ള നിലനിൽപ്പും ലഭ്യതയും ഒരു പരിധിവരെ ഉറപ്പുവരുത്താനാകും. അശാസ്ത്രീയ ശേഖരണരീതിയിലൂടെ അനേകം വിഭവങ്ങളുടെ ലഭ്യത വളരെയധികം കുറയുകയും ചിലത് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയുമാണ്. ശാസ്ത്രീയമാണോ എന്ന് പരിഗണിക്കാതെ, ഏറ്റവും കുറഞ്ഞ സമയം കൊണ്ട് ഏറ്റവും കൂടുതൽ ശേഖരിച്ച് വരുമാനം ഉണ്ടാക്കുക എന്നതാണ് ഇന്ന് വനവിഭവങ്ങൾ ശേഖരിക്കുന്നവർ ചെയ്യുന്നത്. അതുകൊണ്ട് ശാസ്ത്രീയമായ ശേഖരണരീതികളെകുറിച്ചും, തടിയിതര വനവിഭവങ്ങൾ നിലനിൽക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും വനവിഭവങ്ങൾ ശേഖരിക്കുന്നവരിൽ ഒരു അവബോധം ഉണ്ടാക്കേണ്ടത് വളരെ അത്യാവശ്യമാണ്. സുസ്ഥിരമായ ശേഖരണം പ്രാവർത്തികമാക്കുന്നതിൽ ചില അടിസ്ഥാനപരമായ വിവരങ്ങൾ ആവശ്യമാണ്. ഇതിൽ പ്രധാനമായവ.

1. വനവിഭവങ്ങളുടെ ലഭ്യത
2. പുനർജനന പ്രക്രിയയുള്ള കഴിവ്
3. ശേഖരിക്കേണ്ട സമയം, ശേഖരിക്കേണ്ടതിന്റെ അളവിന്റെ നിർണ്ണയം, ശേഖരണരീതികൾ

മേൽപറഞ്ഞ വിവരങ്ങളിൽ നിന്നും ഓരോ ഇനം വിഭവത്തിനും ശേഖരിക്കാവുന്നതിന്റെ അളവ് നിർണ്ണയിച്ച് നിർദ്ദേശങ്ങൾ നൽകണം. ഈ പ്രവർത്തികളിലെല്ലാം ശേഖരിക്കുന്നവരുടെ പൂർണ്ണ സഹകരണവും പങ്കാളിത്തവും ആവശ്യമാണ്. ശേഖരണം സംഘങ്ങളോ സമിതികളോ മുഖാന്തിരം നടത്തേണ്ടതാണ്. ഇത് ശേഖരിക്കപ്പെടുന്ന വനവിഭവങ്ങളുടെ പരിമാണം കണ്ടുപിടിക്കാൻ സഹായിക്കുകയും നിർദ്ദേശിക്കപ്പെട്ട അളവിൽ കൂടുതൽ ശേഖരിക്കുന്നതു നിയന്ത്രിക്കുവാനും സഹായിക്കുകയും ചെയ്യും. ആകെയുള്ള ഔഷധ സസ്യങ്ങളിൽ നിന്നും വർഷാവർഷം ശേഖരിക്കാവുന്നതിന്റെ ശതമാനവും, സമയവും താഴെ കൊടുക്കുന്നു.

ചില തടിയിതര വനവിഭവങ്ങളുടെ ഇനങ്ങളുടെ സുസ്ഥിരമായ ശേഖരണം

| സസ്യത്തിന്റെ പേര് | ഉപയോഗയോഗ്യമായ ഭാഗം | ശേഖരിക്കവുന്നതിന്റെ ശതമാനം | ശേഖരിക്കാവുന്ന സമയം |
|---|---|---|---|
| കാട്ടുചേന | ഭൂകാണ്ഡം | 50 | നവംബർ -ഡിസംബർ |
| മഞ്ഞക്കൂവ/കസ്തൂരിമഞ്ഞൾ | ഭൂകാണ്ഡം | 70 | നവംബർ - ഡിസംബർ |
| മലയിഞ്ചി | ഭൂകാണ്ഡം | 70 | നവംബർ - ഡിസംബർ |
| ശതാവരി | മാംസളമായ വേര് | 75 | മേയ് - ജൂൺ |
| കരളകം | വേര് | 50 | ജൂൺ - ജൂലായ് |
| നാഗദന്തി | വേര് | 50 | മേയ് - ജൂൺ |
| മധുരക്കുറിഞ്ഞി | വേര് | 50 | ഒക്ടോബർ - ഡിസംബർ |
| മുക്കുറ്റി | സമൂലം | 70 | ഓഗസ്റ്റ് -സെപ്റ്റംബർ |
| ചണ്ണക്കൂവ | ഭൂകാണ്ഡം | 50 | നവംബർ - ഡിസംബർ |
| ചെറൂള | സമൂലം | 70 | സെപ്റ്റംബർ - ഡിസംബർ |
| പാടക്കിഴങ്ങ് | കിഴങ്ങ് | 50 | മെയ് - ജൂലായ് |
| ഓരില | വേര് | 70 | ഒക്ടോബർ - ഡിസംബർ |
| മൂവില | വേര് | 70 | ഒക്ടോബർ - ഡിസംബർ |
| ആനച്ചുവടി | സമൂലം | 70 | ഒക്ടോബർ - ജനുവരി |
| നറുനീണ്ടി | വേര് | 70 | മെയ് - ജൂൺ |
| നിലനാരകം | സമൂലം | 70 | നവംബർ - ഡിസംബർ |
| പാവള്ളി | വേര് | 50 | മെയ് - ജൂൺ |
| തിപ്പലി | വേര്, തണ്ട്, ഫലം | 75 | നവംബർ - ജനുവരി |
| കീഴാർനെല്ലി | സമൂലം | 75 | ഓഗസ്റ്റ് - ഡിസംബർ |
| കുറുന്തോട്ടി | വേര് | 75 | നവംബർ - ഡിസംബർ |
| കരിംകുറിഞ്ഞി | തണ്ടും വേരും | 50 | ഡിസംബർ - ഏപ്രിൽ |
| മുത്തക്ക് | ഭൂകാണ്ഡം | 50 | മാർച്ച് - മെയ് |
| തൊണ്ടപ്പാല | ഇല | 70 | ഒക്ടോബർ - നവംബർ |

| നമ്പർ | ഉപയോഗ്യമായ ഭാഗങ്ങൾ | നിലവിലുള്ള വിളവെടുപ്പുരീതി/ ഭാഗികസംസ്കരണം | സുസ്ഥിരശേഖരണ രീതി |
|---|---|---|---|
| 1 | കിഴങ്ങുകളും വേരുകളും | വേരോടുകൂടി പിഴുതെടുത്ത ചെടിയിൽ നിന്നും വേര്/കിഴങ്ങ് വേർത്തിരിച്ചെടുക്കുന്നു. കുറുന്തോട്ടി പോലുള്ള സസ്യങ്ങൾ വേരോടുകൂടി പറിച്ചെടുത്ത് 15-20സെ. മീ. നീളമുള്ള കാണ്ഡത്തോടുകൂടി ഉണക്കിയെടുക്കുന്നു. സർപ്പഗന്ധിയുടെ വേരുകൾ 5-7 സെ. മീ. നീളത്തിൽ മുറിച്ചെടുത്ത് വെയിലിൽ ഉണക്കിയെടുത്ത് വിൽക്കുന്നു | വൃക്ഷവേരുകളുടെ വർതോതിലുള്ള ശേഖരണം അവയുടെ നാശത്തിലേയ്ക്കു വഴി തെളിയിക്കുന്നു. അതിനാൽ വൃക്ഷജാതികൾ വേരിന് വേണ്ടി ഉപയോഗിക്കുമ്പോൾ, അവയുടെ 40% മാത്രം ചെടിയിൽ നിന്നും വേർതിരിച്ച് പുതിയ വേരുകൾ വളരാൻ അനുവദിക്കണം. ചെറുസസ്യങ്ങളുടേയും കുറ്റിച്ചെടികളുടേയും വേരു ശേഖരിയ്ക്കുമ്പോൾ പിന്നീടുള്ള വളർച്ചയ്ക്കു അവയുടെ കുറച്ചുഭാഗം നിലനിർത്തേണ്ടതാണ്. കിഴങ്ങുവർഗ്ഗങ്ങളുടെ വിളവെടുപ്പിന് അനുയോജ്യമായ സമയം കാലവർഷശേഷമാണ്. സാധാരണയായി വർഷത്തിൽ ഒരിക്കൽ മാത്രമാണ് വിളവെടുപ്പ് നടത്തേണ്ടത്. |
| 2 | ഫലങ്ങളും വിത്തുകളും | സാധാരണയായി ശാഖകൾ വെട്ടി ഇളക്കിയോ, നീളമുള്ള കമ്പുകളുടെ സഹായത്താലോ ആണ് വൃക്ഷങ്ങളിൽ നിന്നും ഫലങ്ങൾ ശേഖരിക്കുന്നത്. നെല്ലി പോലുള്ള വൃക്ഷങ്ങളിൽ നിന്നും അനായാസമായി ഫലങ്ങൾ ശേഖരിക്കുന്നതിന് കൊമ്പുകൾ വെട്ടിയെടുക്കുന്ന രീതി നിലവിലുണ്ട്. ഫലങ്ങൾ രണ്ടു മുതൽ നാലു ദിവസം വരെ ഉണക്കിയതിന് ശേഷം വിൽക്കുന്നു | ഫലങ്ങൾ ശേഖരിക്കുമ്പോൾ ചെടികൾക്ക് കേടുവരാതെ ശ്രദ്ധിക്കണം. ശിഖരങ്ങൾ കുലുക്കി ഫലം ശേഖരിക്കുന്ന രീതിയാണ് അനുയോജ്യം. 2-5% ഫലങ്ങൾ വിത്തുകൾക്ക് വേണ്ടി മാറ്റി വെയ്ക്കാവുന്നതാണ്. |
| 3 | തൊലി | സാധാരണയായി കഴിയാവുന്നിടത്തോളം തൊലി സസ്യങ്ങളിൽ നിന്നും മുറിച്ചെടുക്കുകയാണ് പതിവ്. അക്കേഷ്യപോലുള്ള ചില സസ്യങ്ങളുടെ തൊലി തടിയിൽ നിന്നും വേർതിരിച്ചെടുക്കാൻ വളരെ പ്രയാസമാണ്. അതിനാൽ ഇരുമ്പ് കമ്പി ഉപയോഗിച്ച് തടിയിൽ തല്ലിയാണ് തൊലി എടുക്കുന്നത്. വേർതിരിച്ചെടുക്കുന്ന തൊലി ഉണക്കി വിൽക്കുന്നു | മരത്തിന്റെ ഏറ്റവും പുറമേയുള്ള തൊലിയും അതിന് തൊട്ട് താഴെയുള്ള പാളിയും മാത്രം ശ്രദ്ധാപൂർവ്വം അടർത്തിയെടുക്കുക. അശ്രദ്ധയോടുകൂടിയ ശേഖരണം മരത്തിന്റെ ഉൾഭാഗത്തുള്ള കലകൾക്ക് കേടുവരുത്തുകയും തോൽ പുനരുത്പാദന പ്രക്രിയ തടസ്സപ്പെടുത്തുകയും ചെയ്യുന്നു. പ്രധാന തടിയുടെ ചുറ്റളവിന്റെ മൂന്നിലൊന്നു ഭാഗത്തെ തൊലിമാത്രം നീളമുള്ള തുണ്ടുകളായി വേർപ്പെടുത്തിയെടുക്കുന്നു. രണ്ടോ മൂന്നോ വർഷങ്ങൾക്കുള്ളിൽ അവ പുനർനിർമ്മിക്കപ്പെടുന്നു. തൊലി ശേഖരിക്കുവാൻ ഏറ്റവും അനുയോജ്യമായ സമയം കാലവർഷശേഷമാണ്. |

| | | | |
|---|---|---|---|
| 4 | കറ (resin) | സസ്യങ്ങളുടെ തൊലിയിൽ മുറിവുകൾ ഉണ്ടാക്കി ഊർന്നു വരുന്ന കറ (resin) കട്ടപിടിച്ചതിന് ശേഷം വേർതിരിച്ചെടുക്കുന്നു. വൃക്ഷങ്ങളുടെ ചുവട്ടിൽ തീകൂട്ടി കറ നിർഗമനം ശക്തമാക്കുന്ന രീതിയും നിലവിലുണ്ട്. | വൃക്ഷങ്ങൾ കേടുവരുത്താതെ കറ ശേഖരിക്കണം. മിതമായ തോതിലുള്ള കറശേഖരണത്തിന് ചെറിയ മുറിവുകൾ മതിയാവും. അമിതമായ കറ ഉല്പാദനത്തിന് വേണ്ടി തീ കൂട്ടുന്ന പതിവ് നന്നല്ല. അത് വൃക്ഷത്തെത്തന്നെ ഇല്ലാതാക്കും |
| 5 | കാണ്ഡം | ചെടിയിൽ നിന്നും വേർതിരിച്ചെടുത്ത കാണ്ഡം 3 സെ.മീ. നീളമുള്ള ചെറിയ കഷണങ്ങളാക്കി മാറ്റി ഉണക്കിയെടുക്കുന്നു. കാണ്ഡങ്ങളുടെയും ശാഖകളുടെയും അമിതമായ ചൂഷണം ചെടികളുടെ നിലനില്പിന് വെല്ലുവിളിയാണ്. | ശാഖകൾ ശേഖരിക്കുമ്പോൾ പ്രധാന തടിയെ ഒഴിവാക്കി പാകമായവ മാത്രം മുറിച്ചെടുക്കുക. പൂപ്പൽ മൂലമുള്ള അണുബാധ ഒഴിവാക്കുവാൻ മുറിവുകളിൽ Bordeaux മിശ്രിതം ഉപയോഗിക്കാവുന്നതാണ്. |
| 6 | ഇലകൾ | സസ്യങ്ങളിൽ നിന്നും ഇലകൾ നേരിട്ട് പറിച്ചെടു.ക്കുന്നു. ഈ ഇലകൾ ഉണക്കിയോ, പച്ചയായോ വിൽക്കുന്നു. | സസ്യങ്ങൾ പുഷ്പിച്ച് തുടങ്ങുമ്പോൾ, ജൈവിക പ്രവർത്തനങ്ങൾ കൂടുതലായതിനാൽ, ഇലകൾ ആ സമയത്ത് ശേഖരിക്കാവുന്നതാണ്. നീലയമരി പോലുള്ള സസ്യങ്ങളുടെ പുഷ്പങ്ങളില്ലാത്ത ഇളംതണ്ടുകളാണ് ശേഖരിക്കുന്നത്. ഇലകൾ പറിച്ചെടുക്കുമ്പോൾ ചെടിയ്ക്ക് കേടുപറ്റാതിരിക്കാൻ ശ്രദ്ധിക്കുക. വർഷത്തിൽ രണ്ടോ മൂന്നോ പ്രാവശ്യം മാത്രം ഇലകൾ ശേഖരിക്കുക. |
| 7 | പുഷ്പങ്ങൾ | സസ്യങ്ങളുടെ ശാഖകൾ വീഴ്ത്തി പുഷ്പങ്ങൾ ശേഖരിച്ച് ഉണക്കി വിൽക്കുന്നു. | പുഷ്പങ്ങൾ ശേഖരിക്കുമ്പോൾ 10% ഫലരൂപീകരണത്തിന് വേണ്ടി നിലനിർത്തുന്നത് നന്നായിരിക്കും. ശാഖകൾ കുലുക്കി പുഷ്പങ്ങൾ ശേഖരിക്കുന്നതാണ് നല്ലരീതി. |

# വാണിജ്യാടിസ്ഥാനത്തിൽ ശേഖരിക്കുന്ന മരേതര വനവിഭവങ്ങൾ

1. അമൽപ്പൊരി (വെളുത്തത്)
2. അമൽപ്പൊരി (ചെമന്നത്)
3. അടപ്പതിയൻ കിഴങ്ങ് (ഉണക്ക)
4. ഇടംപിരി (വലംപിരി)
5. ആടലോടകവേര്
6. ഈന്തപ്പനക്കായ്
7. ഉറുഞ്ചിക്കായ് (ഉണക്ക)
8. ഓരില വേര് (ഉണക്ക)
9. ഓടക്കുരു
10. കസ്തൂരിമഞ്ഞൾ (ഉണക്ക)
11. കഴഞ്ചിക്കുരു
12. ചെറുതേൻ
13. കലാപാശം
14. കണ്ണാടിവെള്ള
15. കടുക്ക (മുഴുവൻ)
16. കടുക്ക (പൂവ്)
17. കാട്ടുകുരുമുളക്
18. കാട്ടുപാവയ്ക്ക
19. കാട്ടുമഞ്ഞൾ (ഉണക്ക)
20. കാട്ടുതിപ്പലി വേര്
21. കാഞ്ഞിരക്കുരു
22. കാട്ടിഞ്ചി (പച്ച)
23. കാട്ടിഞ്ചി (ഉണക്ക)
24. കാന്താരി മുളക് (ഉണക്ക)
25. കാട്ടുകുരുമുളകിൻ വേര്
26. കൻമദം (നല്ലയിനം)
27. കൻമദം (കുറഞ്ഞത്)
28. കക്കുംകായ്
29. കരിംകുറിഞ്ഞി സമൂലം (ഉണക്ക)
30. കാട്ടുപയർ വേര്
31. കാട്ടുതുളസി വേര്
32. കാട്ടുപുന്നക്കായ്
33. കിരിയാത്ത്
34. കീഴാർനെല്ലി (പച്ച)
35. കുന്തിരിക്കം (I ഗ്രേഡ്)
36. കുന്തിരിക്കം (II ഗ്രേഡ്)
37. കുന്തിരിക്കം (III ഗ്രേഡ്)
38. കുറുന്തോട്ടി വേര് (ഉണക്ക)
39. കുമിഴിൻ വേര്
40. കൈതോന്നി (പച്ച)
41. കുടംപുളി (പച്ച)
42. കൊപ്പവെള്ള
43. കുടംപുളി (ഉണക്ക)
44. കോലരക്ക്
45. കൊടിത്തൂവ്വവേര്
46. കോലിഞ്ചി
47. പട്ടിഞ്ച
48. പഞ്ഞിക്കായ്
49. പത്തിരിപ്പൂവ് (ഉണക്ക) ഒന്നാം തരം
50. പത്തിരിപ്പൂവ് (ഉണക്ക) രണ്ടാം തരം
51. കാട്ടുപടവലം (ഉണക്ക)
52. പാൽമുതുകിൻ കിഴങ്ങ്
53. പാടക്കിഴങ്ങ്
54. പാച്ചോറ്റിത്തൊലി
55. പൂവണത്തരി
56. പൂത്തരിച്ചുണ്ടവേര്
57. പൊള്ളക്കായ് (നാഞ്ചിക്കുരു)
58. പുന്നപ്പൂവ്
59. പുളി (കുരുകളഞ്ഞത്)
60. പുളി (കുരുവുള്ളത്)
61. പാലിക്കുരു
62. പീനാറി (ഉണക്ക)
63. തകരവേര്
64. തേൻ (അസംസ്കൃതം)
65. തേൻമെഴുക് (അസംസ്കൃതം)
66. തേൻമെഴുക് (ശുദ്ധി ചെയ്തത്)
67. താന്നിക്കത്തോട്
68. തേംപ്രക്കായ്
69. നേറ്റാം പരൽ
70. താമരക്കിഴങ്ങ് (പച്ച)
71. നാരകിൻക്കുരു
72. നറുനീണ്ടി (നന്നാറി) ഉണക്ക
73. നീലഅമരി സമൂലം
74. നെല്ലാക്കാത്തോട് (കുരുകളഞ്ഞത്)
75. നെല്ലിക്ക (ഉണക്ക) കുരുവോടു കൂടിയത്
76. നെല്ലിക്ക (പച്ച)
77. നീർവാളക്കുരു
78. നായ്ക്കൊരണപരിപ്പ്
79. മഞ്ഞക്കൂവ
80. മട്ടിപ്പാൽ
81. മരോട്ടിക്കുരു
82. മൂവ്വിലവേര് (ഉണക്ക)
83. മരമഞ്ഞൾ
84. മുത്തങ്ങ

85. മുപ്രള്ളിലക്കര
86. ചപ്പങ്ങ
87. ചിറ്റരത്തക്കിഴങ്ങ് (ഉണങ്ങിയത്)
88. ചീനിക്കായ് (ഉണക്ക)
89. ചിറ്റാമൃത് (പച്ച)
90. ചെറുതേക്ക് വേര്
91. ചിത്തിരപ്പൂവ്
92. രാമച്ചം (ഉണങ്ങിയത്)
93. ചങ്ങലം പറണ്ട (പച്ച)
94. ശതാവരിക്കിഴങ്ങ് (പച്ച)
95. വയമ്പ്
96. വയണപ്പൂവ്
97. വൻകുറുന്തോട്ടി വേര്
98. വെളുത്തുമ്പവേര്
99. സീതാരി
100. തഴുതാമവേര്
101. വെളുത്താവണക്കിൻ വേര് (ഉണക്ക)
102. ഗരുഡക്കൊടി (ഉണക്ക)
103. ജീവകം (പച്ച)
104. ദർഭ പുല്ല്
105. ഏലക്കായ്
106. ചിറ്റേലം
107. അത്തി തിപ്പലി
108. പ്ലാശ് (പൂവും കായും)
109. പുൽതൈലം

# Chapter-5

# PRA and Stakeholder Analysis

## Existing collector families

PRA, Stakeholder, Stakeholder analysis, Identification of NTFP collectors

### 1. പങ്കാളിത്തപഠനം

സാമ്പ്രദായിക ആസൂത്രണം സമൂഹത്തിന്റെ മേൽ പുറത്തുനിന്നുള്ള ഇടപെടലായാണ് രൂപം കൊള്ളുന്നത്. സമൂഹത്തിന്റെ പ്രശ്നങ്ങൾ പഠിക്കുന്നതും ഉത്തരങ്ങൾ കണ്ടെത്തുന്നതും നിർദ്ദേശിക്കുന്നതും പ്രശ്നപരിഹാരത്തിനുള്ള ആസൂത്രണം നടത്തുന്നതും സാമ്പത്തികസഹായം നൽകുന്നതും എല്ലാം ബാഹ്യശക്തിയാണ്. പ്രാദേശിക സമൂഹത്തിന്റെ ഇച്ഛാശക്തി പ്രകടിപ്പിക്കാൻ ഒരവസരവും അനുവദിക്കാറില്ല. ആസൂത്രണം ആർക്കുവേണ്ടിയാണോ അവർ ആസൂത്രണത്തിലും നടത്തിപ്പിലും ഉത്തരവാദിത്വത്തിലും ബഹിഷ്കൃതരായിത്തന്നെ നിൽക്കും. ഒരു പക്ഷെ സമൂഹത്തിലെ പ്രബലശക്തികൾ നിർണ്ണായക സ്വാധീനമായി എല്ലാ ഘട്ടങ്ങളിലും വർത്തിച്ചേക്കാം.

ഇതിൽ നിന്നും തീർത്തും വ്യത്യസ്ഥമാണ് പങ്കാളിത്തപഠനവും ആസൂത്രണവും. തദ്ദേശീയമായ ഭൂ-ജല-ജൈവ-മനുഷ്യവിഭവങ്ങളും മറ്റു പ്രകൃതിവിഭവങ്ങളും കണക്കിലെടുത്ത് ഇവയുടെ ബഹുവിധമായ പോരായ്മകളും സാദ്ധ്യതകളും വിലയിരുത്തി, അവ ശാശ്വതമായി പ്രയോജനപ്പെടുത്താനുള്ള മുഖ്യകാർമ്മികത്വം വഹിക്കുന്നത് തദ്ദേശീയ സമൂഹം തന്നെയാവണം. വിഭവ സ്ഥലാധിഷ്ഠിത ആസൂത്രണവും അതിനുപയുക്തമായ സങ്കേതങ്ങളുമാണ് ഇതിന്റെ കാതൽ. സമൂഹത്തിന്റെ അടിത്തട്ടിലുള്ള ബഹുഭൂരിപക്ഷത്തിനും ഈ പ്രക്രിയയിൽ നേരിട്ട് പങ്കാളികളാകാൻ അവസരമുണ്ടാകും.

വികസനത്തിന്റെ സാമ്പ്രദായിക ധാരയിൽപ്പെട്ടവർ പങ്കാളിത്തത്തിന് തെറ്റായ വ്യാഖ്യാനം പലപ്പോഴും കൊടുക്കാറുണ്ട്. ജനങ്ങളുടെ കേവല സാന്നിദ്ധ്യം, പണം, വസ്തുവകകൾ, അദ്ധ്വാനം തുടങ്ങിയവ പ്രാദേശിക സമൂഹം ലഭ്യമാക്കിയാൽ ജനകീയ പങ്കാളിത്തമായി എന്നാണ് ഈ വ്യാഖ്യാനം. യഥാർത്ഥത്തിൽ പങ്കാളിത്തത്തിന്റെ താരതമ്യേന നിസ്സാരമായ അംശം മാത്രമാണിത്.

പങ്കാളിത്തത്തിന്റെ ജീവൽപ്രധാന തലം മറ്റൊന്നാണ്. സാമൂഹ്യ ഇച്ഛാശക്തി പ്രസരിപ്പിക്കുന്ന ജനങ്ങൾ പ്രാദേശിക യാഥാർത്ഥ്യങ്ങൾ എല്ലാതലത്തിലും പഠിച്ച് പ്രശ്നവിചാരം ചെയ്ത് സമുചിതമായ തീരുമാനങ്ങളെടുത്ത്, കർമ്മപരിപാടികൾ ആവിഷ്ക്കരിച്ച് അവയുടെ നിർവഹണം, അവലോകനം, ഗതിനിയന്ത്രണം, വിലയിരുത്തൽ, പുനരാലോചന, ദിശാമാറ്റം എന്നിങ്ങനെയുള്ള നടപടികളിൽ സജീവ പങ്കാളികളാകുമ്പോഴേ പങ്കാളിത്തം സാർത്ഥകമാവുകയുള്ളൂ. സാവധാനത്തിലാണെങ്കിലും ലക്ഷ്യബോധമുള്ള വലിയ മാറ്റങ്ങൾക്ക് ഇത് വഴിതെളിക്കും.

### 2. പങ്കാളിത്ത പ്രക്രിയയുടെ ചരിത്രപരമായ പരിണാമം

വിവിധ കാർഷിക വിജ്ഞാന ശാഖകളായ ഗവേഷണം, ആവാസ വ്യവസ്ഥാവിശകലനം, പ്രായോഗിക നരവംശ ശാസ്ത്രം, പങ്കാളിത്തപ്രവർത്തനങ്ങൾ എന്നിവയുടെ വിവിധ തലങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് ഗ്രാമങ്ങളെ പഠനവിധേയമാക്കുവാൻ ദ്രുതഗ്രാമ അവലോകനം (Rapid Rural Appraisal- PRA) നിലവിൽ വന്നു. പുറമെ നിന്നുള്ള വിദഗ്ധർ (ഗവേഷകർ/സർവ്വകലാശാലകൾ) അവരുടെ ആവശ്യത്തിനായി പെട്ടെന്ന് പഠനം നടത്തുന്നതിനുള്ള രീതികളും സങ്കേതങ്ങളും ഉപയോഗിച്ച് ആ പ്രദേശത്തു പോയി പഠനം നടത്തുന്ന രീതിയാണിത്. ഇതിൽ ജനപങ്കാളിത്തത്തിന്റെ തോത് തുലോ കുറവായതിനാൽ ജനപങ്കാളിത്ത

ത്തോടെ പഠനം നടത്തുന്ന രീതിയായ പങ്കാളിത്ത അവലോകനം (Particpatory Rural appraisal) രൂപപ്പെട്ടു. ഈ രീതി വീണ്ടും വികസിച്ച് ജനങ്ങളോടൊപ്പമിരുന്ന് ജനങ്ങൾക്കുവേണ്ടി പഠനവും പ്രവർത്തനവും നടത്തുന്ന രീതി (പങ്കാളിത്താധിഷ്ഠിത പഠനവും പ്രവർത്തനവും - Participatory Learning and Action-PLA) രൂപപ്പെട്ടുവന്നു.

## 3. പങ്കാളിത്തത്തിന്റെ പ്രസക്തി

**പ്രാദേശിക സംഭാവനകൾ**

- ആശയങ്ങൾ
- തൊഴിൽ
- നൈപുണ്യം
- സാധനസാമഗ്രികൾ
- പണം
- ഉപകരണങ്ങൾ

**സംഘടനാതലം**

- പുതിയ സൂക്ഷ്മസംഘടനകൾ ഉണ്ടാകുന്നു
- പുതിയ നേതൃത്വങ്ങൾ വളരുന്നു
- സഹകരണപ്രവർത്തനങ്ങൾ നടത്തുന്നു
- അനുയോജ്യ സാങ്കേതിക വിദ്യകൾ രൂപപ്പെടുന്നു.

**സംഘടന--ശാക്തീകരണം**

- സ്വയം ഉത്തരവാദിത്ത്വബോധമുണ്ടാകുന്നു
- പ്രാദേശകമായി ആസൂത്രണം ചെയ്യുന്ന പ്രവർത്തനങ്ങളെ അവർ തന്നെ പരിപാലിക്കുന്നു
- പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാമ്പത്തികവും മറ്റു വിഭവങ്ങളും അവർ തന്നെ കണ്ടെത്തുന്നു.
- വികസനപ്രക്രിയയിൽ പങ്കാളിത്തം ഉറപ്പാക്കുന്നതോടൊപ്പം സുതാര്യതയും സമൂഹത്തോട് പ്രതിബദ്ധതയുള്ള ജനകീയപ്രസ്ഥാനങ്ങൾ വളർന്നു വരുന്നു.

## 4. വിവിധ ഘട്ടങ്ങൾ

### 4.1 വിവരശേഖരണം

- നേരിട്ടുശേഖരിക്കുന്നവ
- മറ്റുള്ള പഠനങ്ങളിൽ നിന്ന് സ്വരൂപിക്കുന്നവ

  ഇവ പലപ്പോഴും നമുക്ക് ആവശ്യമായ രീതിയിൽ ശേഖരിച്ചവ ആയിരിക്കില്ല, പല സ്ഥാപനങ്ങളിലെ വിവരങ്ങൾ തമ്മിൽ വൈരുദ്ധ്യമുണ്ടായിരിക്കും, കാലപ്പഴക്കം, വിശ്വാസ്യതാക്കുറവ് എന്നിവയും കാണാം. അതുകൊണ്ട് പങ്കാളിത്തപഠനം നേരിട്ടുള്ളവിവരശേഖരണത്തിലാണ് കൂടുതൽ ഊന്നൽ കൊടുക്കുന്നത്.

### 4.2 പ്രശ്നവിചാരം

പ്രശ്നങ്ങൾ പഠിച്ചുകഴിഞ്ഞാൽ അവ പരിഹരിക്കാൻ വേണ്ടുന്ന സാഹചര്യം ഒരുക്കുന്നു. അതിനായി പങ്കാളികളെ കണ്ടെത്തണം, വിഭവങ്ങളും കണ്ടെത്തണം.

4.3 ആസൂത്രണം

- പ്രശ്നങ്ങൾ തിരിച്ചറിയൽ
- സാദ്ധ്യതകൾ കണ്ടെത്തൽ
- പരിഹാരമാർഗ്ഗങ്ങൾ നിർണ്ണയിക്കൽ
- പരിപാടികളും സ്കീമുകളും തയ്യാറാക്കൽ

4.4. നിർവ്വഹണം

4.5. ഗതിനിയന്ത്രണം

4.6. വിലയിരുത്തൽ

4.7. പുനരാസൂത്രണം

മേൽപ്പറഞ്ഞ എല്ലാ ഘട്ടങ്ങളിലും പങ്കാളിത്തരീതി ഉപയോഗിക്കണം.

## 5. പങ്കാളിത്തരീതിയുടെ അടിസ്ഥാനങ്ങൾ

- പങ്കാളികളുടെ നിലപാടുകളിലും സ്വഭാവത്തിലും മാറ്റങ്ങൾ
- പ്രാദേശിക രീതിശാസ്ത്രങ്ങളും/സങ്കേതങ്ങളും ഉപയോഗിച്ച് അറിവും വിശകലനങ്ങളും പങ്കുവയ്ക്കാൻ ജനങ്ങളെ പ്രാപ്തരാക്കുക
- അവരുമായി ചേർന്ന് വികസനപ്രവർത്തനങ്ങൾ നടത്തുക
- വികസനപ്രക്രിയയുടെ ഉത്തരവാദിത്വം അവരെ ഏല്പിക്കുക.

## 6. പങ്കാളിത്തപഠനസങ്കേതങ്ങൾ

### 6.1. ത്രികോണമാപനം (Triangulation)

6.1.1 പഠനസംഘം

വിവിധവിഷയങ്ങളിൽ പ്രാവീണ്യവും പരിചയവുമുള്ളവർ, തദ്ദേശീയരായ സ്ത്രീ പുരുഷന്മാർ, എന്നിങ്ങനെ നാട്ടിലും പുറത്തും ഉള്ളവർ

6.1.2 വിവര വസ്തുതകളുടെ ഉറവിടം

- ജനങ്ങൾ
- പ്രദേശം
- എഴുതപ്പെട്ടതും അല്ലാത്തതുമായ സംഭവപരമ്പരകൾ

6.1.3 സങ്കേതങ്ങൾ

- കൂട്ടായും ഒറ്റയ്ക്കുമുള്ള ചർച്ചകൾ
- നിരീക്ഷണങ്ങൾ
- രേഖകൾ

6.1.4 തൽസമയവിശകലനം (on the spot analysis)

പ്രാഥമിക വിവരശേഖരണത്തിന്റെ വെളിച്ചത്തിൽ വിശകലനം നടത്തി അല്പംകൂടി സൂക്ഷ്മതലത്തിലുള്ള വിവരശേഖരണവും വിശകലനവും വഴി പരമാവധി സൂക്ഷ്മതലത്തിൽ ചെന്നെത്തുന്ന വിവരശേഖരണ പ്രക്രിയയാണിത്.

### പങ്കാളിത്തം

പഠനം, ആസൂത്രണം, പ്രവർത്തനങ്ങൾ, നേട്ടങ്ങൾ പങ്കുവയ്ക്കൽ, ഗതിനിയന്ത്രണം, വിലയിരുത്തൽ എന്നിവയിൽ സജീവമായ പങ്കാളിത്തം.

### പഠനത്തിന്റെ സൂക്ഷ്മത

അതികൃത്യതയ്ക്കുവേണ്ടി വളരെ ചെലവേറിയതും സമയമെടുക്കുന്നതുമായ നടപടികൾ ആവിഷ്കരിക്കുന്നതു് ഉചിതമായ സമയബന്ധിത ഇടപെടലുകൾക്ക് സഹായകരമായിരിക്കില്ല. ഇതിലും നല്ലതു് വസ്തുതകളെപ്പറ്റി വളരെ പെട്ടെന്ന് ഗ്രഹിക്കാവുന്ന ഏകദേശ ധാരണകളിൽ നിന്ന് തുടങ്ങുന്നതാണ്.

- ജനങ്ങളുടെ ക്രിയാത്മകവും സർഗ്ഗാത്മകവുമായ കഴിവുകളെ അംഗീകരിക്കണം.
- തെറ്റുകളെ തെറ്റായി അംഗീകരിക്കണം.
- മുൻവിധികൾ ഒഴിവാക്കി കഴിവതും വസ്തുനിഷ്ഠമാവുക.
- പങ്കുവയ്ക്കുന്നതിനും പഠിക്കുന്നതിനുമുള്ള മനോഭാവങ്ങളും മൂല്യങ്ങളും പങ്കാളികൾക്കിടയിൽ പരിപോഷിപ്പിക്കുക.
- പഠനവിധേയമാകേണ്ട വിഷയത്തെ മുൻനിർത്തി സങ്കേതങ്ങൾ ആവിഷ്കരിക്കുക.

## 6.2 പങ്കാളിത്തപഠനത്തിന്റെ സവിശേഷതകൾ

1. പങ്കാളികൾ ഒത്തിണങ്ങിയുള്ള പ്രവർത്തനം
2. ഒത്തൊരുമിച്ചുള്ള അന്വേഷണം
3. നാട്ടറിവുകൾ പ്രയോജനപ്പെടുത്തൽ
4. അനുഭവങ്ങളിൽ നിന്നും സിദ്ധാന്തങ്ങൾ ആവിഷ്കരിക്കൽ
5. തുടർച്ചയായ വിശകലനങ്ങൾ
6. വീഴ്ചകളിൽ നിന്ന് പാഠങ്ങൾ ഉൾക്കൊള്ളൽ
7. ബഹുവിഷയാധിഷ്ഠിതം
8. സൃഷ്ടിപരത
9. പഠന - പ്രവർത്തന പ്രക്രിയ
10. മാറ്റങ്ങളെ സമയോചിതമായി ഉൾക്കൊള്ളൽ

## 7. സമീപനങ്ങളും സങ്കേതങ്ങളും

പങ്കാളിത്തപഠനം ഫലപ്രദമായിത്തീരുന്നതു് ഉചിതമായ സമീപനങ്ങളുടെയും സങ്കേതങ്ങളുടെയും പ്രയോഗത്തിലൂടെയാണ്. എന്ത്, എപ്പോൾ, എങ്ങനെ ഉപയോഗിക്കണമെന്ന് വിവരശേഖരണത്തിലേർപ്പെടുന്നവർ അറിഞ്ഞിരിക്കണം. പങ്കാളിത്തപഠനത്തിൽ ഉപയോഗിക്കാവുന്ന ഏതാനും സമീപനങ്ങളും സങ്കേതങ്ങളും താഴെ വിവരിക്കുന്നു.

### 7.1 മുൻധാരണയോടുകൂടിയ അഭിമുഖം (Semi Structured Interview)

ജനങ്ങളുമായി ഒരേ സമയം ചർച്ചചെയ്ത് അഭിപ്രായങ്ങൾ സമന്വയിപ്പിച്ച് അഭിപ്രായങ്ങളിലോ തീരുമാനങ്ങളിലോ എത്തിച്ചേരുന്ന പ്രക്രിയയാണിതു്.

പഠനസംഘം പ്രസക്ത വിഷയത്തെക്കുറിച്ച് ചർച്ച ചെയ്ത് ജനങ്ങളുടെ അഭിപ്രായങ്ങൾ അഥവാ അറിവുകൾ സമന്വയിപ്പിക്കുന്നു. അവ എഴുതിയോ മറ്റു വിധത്തിലോ പ്രദർശിപ്പിച്ച് പരിഷ്കാരങ്ങളും ഭേദഗതികളും അപ്പപ്പോൾ തന്നെ വരുത്തി കുറ്റമറ്റതാക്കുന്നു. ഇങ്ങനെ ജനങ്ങൾ പങ്കുവയ്ക്കുന്ന ഊഹാപോഹങ്ങളും അഭി

പ്രായങ്ങളും ചികഞ്ഞ് യാഥാർത്ഥ്യം കണ്ടെത്തുന്നു. സംസാരിക്കാൻ ഉദ്ദേശിക്കുന്ന വിഷയങ്ങളുടെ ഒരു പട്ടിക (check list) പഠനസംഘം കയ്യിൽ കരുതുന്നത് ചർച്ചയുടെ ദിശമാറാതിരിക്കാൻ സഹായിക്കും. കൃത്യതയുള്ള വിവരങ്ങൾ കിട്ടാൻ ഏറെ സഹായകരമാണ് ഈ രീതി. ജനങ്ങൾക്ക് തങ്ങളുടെ അറിവുകൾ പങ്കുവയ്ക്കാൻ അവസരം കിട്ടുന്നതിനാൽ ഇതിലൂടെ ഉരുത്തിരിയുന്നത് ആ നാടിന്റെ തന്നെ അറിവുകളായിരിക്കും.

നിയന്ത്രണംവിട്ട ചർച്ചകൾ യാഥാർത്ഥ്യങ്ങളിലേക്ക് കടക്കാനാകാതെ നിഷ്പ്രയോജനമായിത്തീരും.

## 7.2 ഭൂപടനിർമ്മാണം (Mapping)

സ്ഥലാധിഷ്ഠിതമായ വിഭവഭൂപടം (Resouce map), സാമൂഹ്യഭൂപടം (Social map), പരിക്രമണഭൂപടം (Mobility map), ഗതകാലഭൂപടം (Mental map), ഭാവികാല ഭൂപടം ( Future map) എന്നിങ്ങനെ പലവിധ പ്രതിച്ഛായകൾ നിർമ്മിക്കാം.

ഒരു പ്രദേശത്തെ വിഭവങ്ങൾ, സാദ്ധ്യതകൾ, സ്ഥാപനങ്ങൾ മുതലായവ ഏതൊക്കെയെന്ന് ബോദ്ധ്യപ്പെടുന്നതിനും അതിന്റെ വെളിച്ചത്തിൽ പുതിയസാദ്ധ്യതകൾ കണ്ടെത്തുന്നതിനും, വിഭവങ്ങളുടെ ശരിയായ വിനിയോഗവും നാടിന്റെ ആവശ്യങ്ങളുടെ പൂർത്തീകരണവും ആസൂത്രണം ചെയ്യുന്നതിനും ഈ സങ്കേതം ഉപയോഗിക്കും.

ജനപങ്കാളിത്തത്തോടെ ഗ്രാമത്തിന്റെ ഭൂപടം നിലത്തു് തയ്യാറാക്കുന്നു. വിവിധസ്ഥാപനങ്ങൾ, കൃഷികൾ, ജലസ്രോതസ്സുകൾ മുതലായവ വിവിധ നിറങ്ങളാലോ, വസ്തുക്കളാലോ സൂചിപ്പിക്കുന്നു. തുടർന്ന് ഇതിനെ ചാർട്ട് പേപ്പറിലോ മറ്റോ വരച്ച് അതിന്റെ അടിസ്ഥാനത്തിൽ നാടിനെ പലവിധത്തിൽ വിശകലനം ചെയ്ത് പുതിയ കർമ്മപരിപാടികൾ രൂപപ്പെടുത്തുന്നു.

വളരെ ലളിതമായി പങ്കാളികൾ ചർച്ച ചെയ്ത് നിർമ്മിക്കുന്ന ഭൂപടമായതിനാൽ പ്രതിപാദ്യം വളരെ കൃത്യതയുള്ളതും ആനുകാലികവും സമഗ്രവുമാക്കാൻ സാധിക്കും.

## 7.3 മൂല്യ-സ്ഥാന നിർണ്ണയങ്ങൾ (Scoring & Ranking)

പൊതുവായി അംഗീകരിച്ച മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വിവിധ കാര്യങ്ങളുടെ മുൻഗണന നിശ്ചയിക്കുന്നതിനും പിന്നീടൊരിക്കൽ (വേണ്ടിവന്നാൽ) പുനർനിർണ്ണയിക്കുന്നതിനും ഉപയോഗിക്കുന്ന രീതിയാണിത്.

## 7.4 ജോഡിതിരിച്ചുള്ള സ്ഥാനിർണ്ണയം (Pairwise Ranking)

ഏതൊക്കെ വിഷയങ്ങളാണ് പരിഗണനാർഹമെന്ന് തീരുമാനിച്ചശേഷം പട്ടിക തയ്യാറാക്കുന്നു. പട്ടികയിലെ ഓരോ വിഷയവും തമ്മിൽ താരതമ്യം ചെയ്ത് അവയയുടെ മുൻഗണനാക്രമം തീരുമാനിക്കുന്നു. മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകി ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്നതനുസരിച്ചും മുൻഗണനാക്രമം തയ്യാറാക്കാം. അല്പം സങ്കീർണ്ണ പ്രക്രീയയായതിനാൽ ശ്രദ്ധയും വൈദഗ്ധ്യവും ഇക്കാര്യത്തിനാവശ്യമാണ്. ഈ പ്രക്രീയയിൽ പങ്കുചേരാൻ ജനങ്ങളെ തയ്യാറാക്കണമെങ്കിൽ അവരുമായി നല്ല ബന്ധം സൃഷ്ടിച്ചെടുക്കേണ്ടിയിരിക്കുന്നു.

## 7.5 ദിനചര്യാപഠനം (Daily Routine Analysis)

ദിനചര്യകൾ രേഖപ്പെടുത്തി അവലോകനം ചെയ്ത് ആവശ്യമായ മാറ്റങ്ങൾ വരുത്താൻ സഹായിക്കലാണ് ഇതിന്റെ ഉദ്ദേശം.

ഓരോ സമയത്തും എന്തുചെയ്യുന്നുവെന്ന് സമയാധിഷ്ഠിതമായിഎഴുതിയോ ചിത്രത്തിന്റെ സഹായങ്ങളോടെയോ രേഖപ്പെടുത്തുന്നു. പിന്നീട് ഇത് അവലോകനം ചെയ്ത് വരുത്തേണ്ട മാറ്റങ്ങളും തുടരേണ്ട കാര്യങ്ങളും കണ്ടുപിടിക്കുന്നു.

ആളുകൾക്ക് വളരെ ഉപകാരപ്രദമായ ഒരു സങ്കേതമാണിത്. പാഴാക്കികളയുന്ന സമയത്തെക്കുറിച്ചും കൂടുതൽ ക്രിയാത്മകമായി ചെയ്യാവുന്ന കാര്യങ്ങളെക്കുറിച്ചും ഇത് അറിവ് നൽകുന്നു. ജോലികളിലുള്ള അസമത്വം, ദുർവിനിയോഗം ചെയ്യുന്ന സമയം മുതലായവ കണ്ടെത്താൻ സഹായിക്കുന്നു.

## 7.6 ചരിത്രരേഖാ പഠനം (Historical Timeline)

മുതിർന്ന ആളുകളുമായി സംസാരിച്ച് ഓർമ്മകളിലൂടെ പഴയകാല ചരിത്രങ്ങൾ പുനർനിർമ്മിക്കുന്ന രീതിയാണിത്. മുതിർന്ന ആളുകളെ ഒന്നിച്ചു ചേർത്ത് പഴയകാല സംഭവങ്ങൾ ചർച്ച ചെയ്യുന്നു. ആളുകൾ പറയുന്ന കാര്യങ്ങൾ അവർക്ക് ദൃശ്യമാകത്തക്കവിധത്തിൽ നിലത്തോ ചാർട്ട് പേപ്പറിലോ മറ്റും എഴുതിയോ ചിത്രീകരിച്ചോ കാണിക്കുന്നു. സംഭവങ്ങളെ വിവിധ വർഷങ്ങളുടെ ക്രമത്തിൽ വിവിധ വിഷയങ്ങളിൽ ക്രമീകരിക്കണം.

ചരിത്രത്തെയും പ്രവണതകളെയും പഠിക്കാൻ ഏറെ സഹായകരമായ രീതിയാണിത്. ശ്രദ്ധിക്കപ്പെടാത്ത പല കാര്യങ്ങളുടെയും പ്രാധാന്യമന്വേഷിക്കാൻ ഈ രീതി ഏറെ സഹായകരമാണ്. പഠനപ്രദേശങ്ങളിൽ സംഭവിച്ചിട്ടുള്ള മാറ്റങ്ങൾ, അവയുടെ കാലം, സ്ഥലനാമോത്ഭവം, വിവിധ വിഷയങ്ങളിൽ സ്ഥലത്തിന്റെ പ്രത്യേകതകൾ, ജനങ്ങളുടെ ജീവിതരീതി, നാട്ടറിവുകൾ, പ്രധാനസംഭവ വികാസങ്ങൾ, സംസ്കാരം മുതലായ കാര്യങ്ങൾ ഇതിലൂടെ ശേഖരിക്കാം.

## 7.7 സാമൂഹ്യ-സാമ്പത്തിക അവസ്ഥാ പഠനം (Socio-economic situtation analysis)

സാമൂഹ്യ-സാമ്പത്തിക രംഗങ്ങളിലെ അവസ്ഥ മനസ്സിലാക്കാൻ സഹായിക്കുന്ന പ്രക്രിയയാണിത്. സ്ഥലത്തെ വിവിധ ശ്രേണിയിലുള്ളവരെ ജനങ്ങൾ തന്നെ കണ്ടെത്തി താഴെക്കിടയിലുള്ളവരും ഉന്നത തലത്തിലുള്ളവരും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കി ഭാവി പ്രവർത്തനങ്ങളിൽ മുൻതൂക്കംകൊടുക്കേണ്ട മേഖലകളേതാണെന്ന് തിരിച്ചറിയാൻ ആളുകളെ ഈ രീതി സഹായിക്കും.

## 7.8 വിഭവപ്രവാഹ പഠനം (Resource inflow outflow)

ഒരു പ്രദേശത്തിന്റേയോ കുടുംബത്തിന്റേയോ വിഭവവിനിയോഗവും വരവു ചെലവുകളെയും കണ്ടെത്തുന്നതിന് സഹായിക്കുന്നു. പ്രദേശത്തിന്/കുടുംബത്തിന് അനുയോജ്യമായ അവസരങ്ങൾ കണ്ടെത്തുന്നതിനും ആവശ്യമില്ലാത്ത ചെലവുകളും വർദ്ധിപ്പിക്കാവുന്ന വരവുകളും കണ്ടെത്തി അനുയോജ്യമായ പുനഃക്രമീകരണത്തിന് ജനങ്ങളെ സന്നദ്ധരാക്കുകയാണ് ഇതുകൊണ്ട് ലക്ഷ്യമിടുന്നത്.

ആളുകളെ രണ്ടായി തിരിച്ച് പഠനവിധേയമാക്കുന്നിടത്തേക്ക് (ഗ്രാമം/ഭവനം) പുറത്തുനിന്നെത്തുന്നവയുടെ പട്ടിക ഒരു ഗ്രൂപ്പും അവിടെ നിന്നും പുറത്തേക്ക് പോകുന്നവയുടെ പട്ടിക മറ്റൊരു ഗ്രൂപ്പും തയ്യാറാക്കണം. പിന്നീട് ഇരു ഗ്രൂപ്പുകളും തങ്ങൾ തയ്യാറാക്കിയ പട്ടികയിലെ വസ്തുക്കളോ അവയെ സൂചിപ്പിക്കുന്ന വസ്തുക്കളോ സമാഹരിച്ച് പ്രദർശിപ്പിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ വരവ് ചെലവുകളെക്കുറിച്ചുള്ള താരതമ്യം നടത്തുകയും തുടർന്ന് വരവ് ചെലവുകൾ ദിവസം/ആഴ്ച/മാസം/വർഷം എന്നിങ്ങനെ പട്ടിക തയ്യാറാക്കി വിവിധ ഇനങ്ങളിൽ രേഖപ്പെടുത്തി വിശകലനവിധേയമാക്കുകയും ചെയ്യുന്നു.

വരവുചെലവുകളുടെ യഥാർത്ഥ ചിത്രം ലഭിക്കുമെന്നതു് ഇതിന്റെ ഏറ്റവുംപ്രധാന ഗുണമാണ്.

## 7.9 വെൻ ഡയഗ്രം/ചപ്പാത്തി ഡയഗ്രം

ഈ സങ്കേതം പ്രധാനമായും സ്ഥാപനങ്ങളെയും അവർക്ക് ജനങ്ങളുമായുള്ള ബന്ധത്തെയും സൂചിപ്പിക്കുവാൻ ഉപയോഗിക്കുന്നു.

ആദ്യമായി ആളുകൾ ആ പ്രദേശത്തെ സ്ഥാപനങ്ങളുടെ പട്ടിക തയ്യാറാക്കുന്നു. സ്ഥാപനങ്ങളെ സൂചിപ്പിക്കുവാൻ വൃത്തതലത്തിലുള്ള പേപ്പറുകളോ ഇലകളോ ഉപയോഗിക്കാം. ജനങ്ങൾക്ക് ഏറ്റവും പ്രധാനം എന്ന് തോന്നുന്ന സ്ഥാപനം സൂചിപ്പിക്കുവാൻ ഏറ്റവും വലിയ വൃത്തം ഉപയോഗിക്കുന്നു. അങ്ങനെ ജനങ്ങളുടെ പ്രാധാന്യവും താല്പര്യവുമനുസരിച്ച് പല വലുപ്പത്തിലുള്ള വൃത്തങ്ങൾ ഉപയോഗിച്ച് സൂചിപ്പിക്കണം. സ്ഥാപനങ്ങൾ എത്ര അകലെയാണെന്നും കാണിക്കണം. നിരപ്പായ തറയിൽ അകലവും പ്രാധാന്യവും കാണിച്ച് വൃത്തങ്ങൾ നിരത്തുന്നു. പിന്നീട് സ്ഥാപനങ്ങളെയും അവയുടെ സേവനങ്ങളെയും വിശകലനവിധേയമാക്കുന്നു.

# Chapter- 6
# NTFP Management by VSS

പങ്കാളിത്തവനപരിപാലനം വഴി വനവിഭവങ്ങൾ പ്രാദേശിക വനാശ്രിതസമൂഹങ്ങൾക്ക് പ്രയോജനപ്പെടുത്താനാവും. ഇതിനായി വനസംരക്ഷണസമിതികൾ വളരെ ഉത്തരവാദിത്വത്തോടെ പ്രവർത്തിക്കേണ്ടതുണ്ട്. വിഭവപരിപാലനം, വനസംരക്ഷണം, സാമൂഹ്യ-സാംസ്കാരിക പ്രവർത്തനങ്ങൾ എന്നിങ്ങനെ പല മാനങ്ങളും ഇതിനുണ്ടാകും. എല്ലാ വിഷയങ്ങളിലും സമിതിയുടെ കൂട്ടായതീരുമാനങ്ങൾ ആവശ്യമാണ്. പ്രാദേശിക ചട്ടങ്ങൾക്ക് രൂപംകൊടുക്കലും അതനുസരിച്ച് കാര്യങ്ങൾ മുന്നോട്ട് കൊണ്ടുപോകലും സമിതിയുടെ നടത്തിപ്പിന്റെ കാതലായ ഭാഗമായിത്തീരുന്നു.

# Chapter -7

# Participatory Research on NTFP Management

പശ്ചിമഘട്ട വികസന പരിപാടിയുടെ ധനസഹായത്തോടെ May 2003 തേക്കടിയിൽവച്ച് നടന്ന ശിൽപശാല "തടിയിതര വന വിഭവങ്ങൾ-പങ്കാളിത്ത ഗവേഷണം" എന്ന വിഷയത്തിന്റെ ഒരു പ്രാഥമിക രൂപരേഖ തയ്യാറാക്കുകയുണ്ടായി. ഇതിനെ അടിസ്ഥാനമാക്കി വിശദമായ മാർഗ്ഗനിർദ്ദേശം വികസിപ്പിച്ചെടുത്തു. "Methodology for Recording, Monitoring and Evaluation of NTFP Collection as Participatory Research Development Activity of VSS, KFD and Scientific community" എന്ന പദ്ധതിയിലെ വിവിധ അംഗങ്ങളുടെ പങ്കിനെകുറിച്ച് വിശദമായ വിവരണം താഴെ കൊടുക്കുന്നു.

**വനസംരക്ഷണ സമിതിയുടെ പങ്ക്.**

a) ഗവേഷണ പ്ലോട്ടുകളുടെ സംരക്ഷണവും ഗവേഷണ പ്ലോട്ടുകളിൽ നിന്നുള്ള തടിയിതര വനവിഭവങ്ങളുടെ ചിട്ടയോട്ടുകൂടിയ ശേഖരണവും VSS അംഗങ്ങളെ/ കുടുംബങ്ങളെ ചുമതലപ്പെടുത്തുക.

b) പദ്ധതി രേഖയുടെ പരിശോധനയും ഗവേഷണ പ്ലോട്ടുകളുടെ മേൽനോട്ടവും, രേഖകളുടെ പരിപാലനവും

c) മേൽപറഞ്ഞ പ്രവൃത്തികൾ ഏറ്റെടുത്തു നിർവ്വഹിക്കുന്നതിനായി ഒരു 'കോർ ഗ്രൂപ്പിനെ' രൂപീകരിക്കുക

d) ഗവേഷണത്തിന്റെ അടിസ്ഥാനത്തിൽ ഫീൽഡ് ട്രയൽ ഏറ്റെടുത്തു നടത്തുക

**VSS തലത്തിലുള്ള നിരീക്ഷണവും വിവരണവും**

VSS, പദ്ധതികളുടെ മേൽനോട്ടത്തിനും വിവരണസംഘടനമായി ഉത്തരവാദിത്തപ്പെട്ട ഒരു വ്യക്തിയുടെ നേതൃത്വത്തിൽ ഒരു കേന്ദ്രസംഘം (core team) രൂപീകരിക്കും. VSS ന്റെ എക്സ്-ഒഫീഷ്യോ സെക്രട്ടറി ഈ സംഘത്തിന്റെ അംഗമായിരിക്കണം. വിവരങ്ങൾ ശേഖരിക്കുന്ന കുടുംബം അവരുടെ അന്വേഷണഫലങ്ങൾ കാലാകാലങ്ങളിൽ കേന്ദ്രസംഘം മുമ്പാകെ ഹാജരാക്കണം. എല്ലാ പ്ലോട്ടുകളും കേന്ദ്രസംഘം പരിശോധിച്ചിരിക്കണം. കേന്ദ്രസംഘത്തിന്റെ തലവൻ മേൽപറഞ്ഞ റിപ്പോർട്ട് VSSന്റെ കാര്യനിർവ്വാഹക സമിതിക്ക് മുന്നിൽ നിർദ്ധിഷ്ട മാതൃക (format) പ്രകാരം സമർപ്പിച്ചിരിക്കണം. ഗവേഷണ ഫലങ്ങൾ VSS ക്രോഡീകരിക്കുന്നതായിരിക്കും.

ആറുമാസത്തിലൊരിക്കൽ കോർടീം എല്ലാ ഗവേഷണ പ്ലോട്ടുകളും സന്ദർശിച്ച് സമിതിയ്ക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. ഏതെങ്കിലും കാരണങ്ങളാൽ ഒരു കോർടീം അംഗത്തിന് പ്രവർത്തിക്കാനാകാതെ വന്നാൽ വിവരം കോർടീം തലവൻ സമിതി പ്രസിഡന്റിനെ അറിയിക്കണം.

പകരം ആളെ തല്ക്കാലികമായി ചുമതലപ്പെടുത്താൻ സമിതി എക്സിക്യൂട്ടീവിന് അധികാരമുണ്ട്. പിന്നീട് വരുന്ന ജനറൽബോഡിയിൽ ഇതിന് അംഗീകാരം വാങ്ങേണ്ടതാണ്.

**വനവകുപ്പിന്റെ പങ്ക്**

താഴെ സൂചിപ്പിക്കുന്ന മേഖലകളിൽ VSSനെ സഹായിക്കുക

1. വനവിഭവങ്ങളുടെ ചിട്ടയോട്ട കൂടിയ ശേഖരണം

2. രേഖകളുടെ പരിപാലനം
3. പരിശീലന പ്ലോട്ടുകളിൽ നിന്നുള്ള (അനധികൃതമായ) നിരുത്തരവാദപരമായ ശേഖരണം തടയുകയും ഫീൽഡ് വർക്കിന്റെ കൃത്യത പരിശോധിക്കുകയും ചെയ്യുക
4. ശാസ്ത്ര സമൂഹം നിർദ്ദേശിച്ച മാതൃകകളുടെ അടിസ്ഥാനത്തിൽ ഫീൽഡ് പരിശോധന നടത്തുക

**വനവകുപ്പിന്റെ നേതൃത്വത്തിലുള്ള നിരീക്ഷണവും വിവരണവും**

Forester/Deputy ranger ഉടെ അധികാരപരിധിയിപ്പെടുന്ന ഗവേഷണപ്ലോട്ടുകളിൽ നിന്നും 25% റാൻഡം ആയി തിരഞ്ഞെടുത്ത് അവയെ നിരീക്ഷണത്തിന് വിധേയമാക്കണം. Range officer ഉടെ അധികാരപരിധിയിൽപ്പെടുന്ന ഗവേഷണ പ്ലോട്ടുകളിൽ നിന്നും 10% റാൻഡം ആയി തിരഞ്ഞെടുത്ത് അവയെ നിരീക്ഷണത്തിന് വിധേയമാക്കണം.

**ശാസ്ത്രസമൂഹത്തിന്റെ പങ്ക്**

ശാസ്ത്ര സമൂഹം, വനവകുപ്പിന്റേയും വനസംരക്ഷണസമിതിയുടേയും സംഘാംഗങ്ങളുടെ സഹായത്തോടെ പ്രത്യേക ശ്രദ്ധയാകർഷിച്ച ജന്തുസസ്യജാലങ്ങളെ മുൻനിർത്തി ആവശ്യമായ ഗവേഷണ പ്ലോട്ടുകൾ സജ്ജീകരിക്കുന്നതിനുള്ള പ്രവർത്തന രൂപരേഖ തയ്യാറാക്കും. തടിയിതര വനവിഭവങ്ങളുടെ വിവിധ രീതിയിലുള്ള ശേഖരണത്തിനോടും അതിന്റെ തീവ്രതയോടും കാലാനുസൃതമായ ശേഖരണത്തി നോടുമുള്ള പ്രതികരണത്തെകുറിച്ചുമുള്ള ക്രമാനുസൃതമായ വിവരശേഖരണത്തി നായി VSSനെയും വനംവകുപ്പിനേയും ശാസ്ത്രസമൂഹം സഹായിക്കുന്നതാണ്.

പലസ്ഥലങ്ങളിൽനിന്നുള്ള വിവരങ്ങൾ ശേഖരിക്കുകയും ക്രമാനുസൃതമായ അപഗ്രഥനത്തിനായി തയ്യാറാക്കുകയും അപഗ്രഥിക്കുകയും അർത്ഥവത്തായ അനുമാനത്തിലെത്തുകയും ഇത്തരത്തിലുള്ള അനുമാനങ്ങൾ/നിഗമനങ്ങൾ VSSനും വനംവകുപ്പിനും പുന:പരിശോധനയ്ക്കായി നൽകുകയും ചെയ്യുക.

വിവധ പദ്ധതികളുടെ കാലാനുസൃതമായ വിലയിരുത്തലിന് സഹായിക്കും. ശാസ്ത്രസമൂഹം ലഭ്യമായ വിവരങ്ങളെ അപഗ്രഥിക്കുകയും നിഗമനങ്ങളെ തടിയിതര വനവിഭവങ്ങളുടെ ശേഖരണത്തെ മെച്ചപ്പെടുത്തുന്നതിനായി ലഭ്യമാക്കുകയും ചെയ്യും.

**വനസംരക്ഷണ സമിതി രേഖകളെല്ലാം സൂക്ഷിക്കുന്നു.**

വനത്തിൽ നിന്നും ശേഖരിച്ച വിഭവങ്ങളുടെ തോത് എത്രമാത്രമാണെന്നും അതിനുപ യോഗിച്ച മാർഗ്ഗം, അവയുടെ തീവ്രത, ശേഖരിച്ച മാസം എന്നിവ കൃത്യമായി രേഖപ്പെടുത്തും

Month of Collection

Research Plot No (VSS Registration No. RP Sl. No./Year of formation)

Extent in ha...............

Species under observation 1......2......3.......4..................

| Method of Collection | Intensity of Collection (Plant specific) |
|---|---|
| Prescribed method | Quantity Collected |
| | |

Research Plot No (VSS Registration No. RP Sl. No./Year of formation)

Extent in ha...............

Species under observation 1......2......3.......4..................

| Method of Collection | Intensity of Collection (Area specific) |
|---|---|
| Prescribed method | Quantity Collected |
| | |

## Maintenance of records

## തടിയിതര വനവിഭവങ്ങൾ- പങ്കാളിത്ത ഗവേഷണം

## FDA-സമിതി തലത്തിലുള്ള തയ്യാറെടുപ്പ്

FDA വനസംരക്ഷണസമിതികളുടെ ഒരു കൂട്ടായ്മയായതിനാൽ FDA യുടെ പൊതുയോഗത്തിലും കമ്മിറ്റിയിലും തടിയിതര വനവിഭവങ്ങളെ സംബന്ധിച്ച പങ്കാളിത്ത ഗവേഷണ പ്രവർത്തനങ്ങൾ വിശദമായി ചർച്ചചെയ്തതിനുശേഷം സമിതികളുടെ ചർച്ചയ്ക്കായി അവതരിപ്പിക്കേണ്ടതാണ്. ഇത് പിന്നീട് സമിതിയുടെ പൊതുയോഗത്തിലും കമ്മിറ്റിയിലും പ്രത്യേകം അജണ്ടയാക്കേണ്ടതാണ്.

പ്രസ്തുത യോഗങ്ങളിൽ KFRI യുടെ പ്രതിനിധികൾ പങ്കെടുക്കേണ്ടതാണ്.

അജണ്ട 1

### വനവിഭവശേഖരണം സംബന്ധിച്ച സമിതിയുടെ ശുപാർശകൾ/തീരുമാനങ്ങൾ

ഖണ്ഡം.........................

| ശേഖരിക്കേണ്ട | | | ചുമതലപ്പെടുത്തിയ അംഗങ്ങൾ |
|---|---|---|---|
| ഇനം | രീതി | കാലം | |
| | | | |

അജണ്ട 2

### കോർടീം അംഗങ്ങളുടെ തെരഞ്ഞെടുപ്പ്

തടിയിതര വനവിഭവങ്ങളുടെ ശേഖരണം സംബന്ധിച്ച പങ്കാളിത്തഗവേഷണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനുവേണ്ടി സമിതി അംഗങ്ങളെ ഉൾപ്പെടുത്തിയ ഒരു കോർടീം രൂപീകരിക്കാൻ ....................തീയതി കൂടിയ പൊതുയോഗം തീരുമാനിച്ചു. താഴെ പറയുന്ന അംഗങ്ങളെ കോർടീമിലേയ്ക്ക് തെരഞ്ഞെടുത്തു.

| ക്രമ.നം. | അംഗങ്ങൾ | പേരും വിലാസവും |
|---|---|---|
| | തലവൻ | |
| | മറ്റുള്ളവർ | |

ഒപ്പ്/തീയതി
പ്രസിഡന്റ്

ഒപ്പ്/തീയതി
സെക്രട്ടറി

No. PRD-NTFP.1

## പങ്കാളിത്ത ഗവേഷണം

### വനവിഭവശേഖരണം സംബന്ധിച്ച സമിതിയുടെ തീരുമാനങ്ങൾ

പ്ലോട്ട് നമ്പർ.......................

| ശേഖരിക്കേണ്ട | | | ചുമതലപ്പെടുത്തിയ കുടുംബം |
|---|---|---|---|
| ഇനം | രീതി | കാലം | |
| | | | |
| | | | |

KFRI യ്ക്കുവേണ്ടി
.............

സമിതിയ്ക്കുവേണ്ടി

പ്രസിഡന്റ് സെക്രട്ടറി

No. PRD-NTFP.2

### ശേഖരണം- അടിസ്ഥാനരേഖ

പ്ലോട്ട് നമ്പർ....................... പ്ലോട്ടിന്റെ വിസ്തൃതി.......................

ഇനം..................

ശേഖരണ രീതി % ശേഖരണം

അളവിന് മുമ്പുള്ള സംസ്കരണ രീതി

| ശേഖരിച്ച | | അളന്ന | | ശേഖരിച്ച അളവ് | റിമാർക്സ് |
|---|---|---|---|---|---|
| തീയതി | സമയം | തീയതി | സമയം | | |
| | | | | | |
| | | | | | |

കയ്യൊപ്പ്
ശേഖരിച്ച സമിതിഅംഗം

കയ്യൊപ്പ്
സമിതിയുടെ പ്രതിനിധി

No. PRD-NTFP.3

### പങ്കാളിത്ത ഗവേഷണം
### ശേഖരണ രജിസ്റ്റർ

പ്ലോട്ട് നമ്പർ....................... പ്ലോട്ടിന്റെ വിസ്തൃതി.......................

....................മാസം .....................വർഷം

ഇനം..................

ശേഖരണ രീതി % ശേഖരണം

അളവിന് മുമ്പുള്ള സംസ്കരണ രീതി

| ശേഖരിച്ച | | അളന്ന | | അളവ് | റിമാർക്സ് |
|---|---|---|---|---|---|
| തീയതി | സമയം | തീയതി | സമയം | | |
| | | | | | |

കയ്യൊപ്പ്
പ്രസിഡന്റ്

കയ്യൊപ്പ്
സെക്രട്ടറി

പകർപ്പ്: KFRI യ്ക്ക് ലഭ്യമാക്കണം

No. PRD-NTFP.4

## പങ്കാളിത്ത ഗവേഷണം

## ശ്രദ്ധാർഹമായ സംഭവങ്ങൾ -- രജിസ്റ്റർ

പ്ലോട്ട് നമ്പർ...................... പ്ലോട്ടിന്റെ വിസ്തൃതി......................

.....................വർഷം

| ശ്രദ്ധാർഹമായ സംഭവങ്ങൾ തീയതി/മാസം | സമിതിയിൽ രേഖപ്പെടുത്തിയ തീയതി | റിമാർക്സ് |
|---|---|---|
| | | |
| | | |

കയ്യൊപ്പ്
സമിതിപ്രതിനിധി

No. PRD-NTFP.5

## സമിതി കോർ ടീമിന്റെ പരിശോധനാ റിപ്പോർട്ട്

സമിതിയുടെ കീഴിലുള്ള

ഗവേഷണ പ്ലോട്ടുകളുടെ എണ്ണം ☐

ഗവേഷണ പ്ലോട്ട് നമ്പർ..................

| സന്ദർശന തീയതി | ടീമിലുണ്ടായിരുന്നവർ | സംരക്ഷണത്തിന്റെ സ്ഥിതി | ശ്രദ്ധാർഹമായ സംഭവങ്ങൾ | ശേഖരണ അംഗത്തിനുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും |
|---|---|---|---|---|
| | | | | |

ഒപ്പ്/തീയതി
ശേഖരണ അംഗം

ഒപ്പ്/തീയതി
ടീം തലവൻ

No. PRD-NTFP.6

## കോർടീമിന്റെ സാക്ഷ്യപത്രം

## അർദ്ധവാർഷികം

അർദ്ധം-1 / അർദ്ധം-2 ............വർഷം

.................സമിതിയുടെ പങ്കാളിത്തഗവേഷണ പ്രവർത്തനത്തിന്റെ ഭാഗമായി എടുത്തിരിക്കുന്ന ഗവേഷണ പ്ലോട്ടുകൾ എല്ലാം സന്ദർശിക്കുകയും വിശദമായി പരിശോധിക്കുകയും ചെയ്തു. സന്ദർശനത്തിന്റെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| ഗവേഷണ പ്ലോട്ട് നമ്പർ | സന്ദർശന തീയതി | വനംവകുപ്പിന്റെ പ്രത്യേക ശ്രദ്ധയിൽകൊണ്ടുവരേണ്ട വിഷയങ്ങൾ |
|---|---|---|
| | | |

ഒപ്പ്/തീയതി
ടീം തലവൻ

No. PRD-NTFP.7

## അർദ്ധവാർഷിക റിപ്പോർട്ട്

....................വനസംരക്ഷണസമിതി
അർദ്ധം-1/ അർദ്ധം-2

....................രജിസ്റ്റർ നമ്പർ
............വർഷം

സമിതിയുടെ പങ്കാളിത്തഗവേഷണ പ്രവർത്തനത്തിന്റെ ഭാഗമായി എടുത്തിരിക്കുന്ന ഗവേഷണ പ്ലോട്ടുകൾ എല്ലാം കോർടീം സന്ദർശിച്ച് വിശദമായി പരിശോധിച്ച് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. താഴെ പറയുന്ന കാര്യങ്ങളിൽ വനംവകുപ്പിന്റെ പ്രത്യേക ശ്രദ്ധ/നടപടി ആവശ്യമാണ്.

| ഗവേഷണ പ്ലോട്ട് നമ്പർ | ആവശ്യമായ പ്രത്യേക ശ്രദ്ധ/നടപടി |
|---|---|
| | |

ഒപ്പ്/തീയതി
പ്രസിഡന്റ്

ഒപ്പ്/തീയതി
സെക്രട്ടറി

സെക്ഷൻ/സ്റ്റേഷൻ തലവൻ വഴി റെയിഞ്ചാഫീസർക്ക് സമർപ്പിക്കണം

No. PRD-NTFP.8

## വാർഷിക റിപ്പോർട്ട്

.................. സെക്ഷൻ/സ്റ്റേഷൻ

............വർഷം

തടിയിതര വനവിഭവങ്ങളെ സംബന്ധിച്ച പങ്കാളിത്തഗവേഷണ പ്രവർത്തനത്തിന്റെ ഭാഗമായി എടുത്തിരിക്കുന്ന ............. ഗവേഷണ പ്ലോട്ടുകളിൽ ..........എണ്ണം സന്ദർശിച്ച് വിശദമായി പരിശോധിച്ചു. താഴെ പറയുന്ന കാര്യങ്ങളിൽ നടപടികൾ ആവശ്യമാണ്.

| സമിതിയുടെ റിപ്പോർട്ടുകളെ അടിസ്ഥാനമാക്കി ആവശ്യമായ നടപടികൾ | |
|---|---|
| സമിതി ചെയ്യേണ്ടതു് | വനംവകുപ്പ് ചെയ്യേണ്ടതു് |
| | |
| | |
| | |
| | |
| | |

ഒപ്പ്/തീയതി
പ്രസിഡന്റ്

ഒപ്പ്/തീയതി
സെക്രട്ടറി

No. PRD-NTFP.9

പരിശോധനാ റിപ്പോർട്ട്-സെക്ഷൻ/സ്റ്റേഷൻ തലവൻ

പരിധിയിലുള്ള ഗവേഷണ പ്ലോട്ടുകളുടെ എണ്ണം ☐

............ .............. കാലയളവിൽ സന്ദർശിച്ച ഗവേഷണ പ്ലോട്ടുകളുടെ എണ്ണം ☐

| ഗവേഷണ പ്ലോട്ട് നമ്പർ | സന്ദർശന തീയതി | സംരക്ഷണത്തിന്റെ സ്ഥിതി | വനംവകുപ്പിന്റെ പ്രത്യേക സംഭാവനകൾ | ശ്രദ്ധാർഹമായ സംഭവങ്ങൾ | സമിതി തയ്യാറാക്കിയ റിപ്പോർട്ടുകളെയും രജിസ്റ്ററുകളെയും കുറിച്ചുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും |
|---|---|---|---|---|---|
| | | | | | |
| | | | | | |
| | | | | | |
| | | | | | |

ഒപ്പ്/തീയതി

സെക്ഷൻ/സ്റ്റേഷൻ തലവൻ

No. PRD-NTFP.10

പങ്കാളിത്ത ഗവേഷണം

സ്റ്റേഷൻ/സെക്ഷൻ തലവന്റെ പരിശോധനാ രജിസ്റ്റർ

.................. സ്റ്റേഷൻ/സെക്ഷൻ ..................വർഷം

പരിധിയിലുള്ള ഗവേഷണ പ്ലോട്ടുകളുടെ എണ്ണം ............................

| ഗവേഷണ പ്ലോട്ട് നമ്പർ | സന്ദർശന തീയതി | സംരക്ഷണത്തിന്റെ സ്ഥിതി | ആവശ്യമായ നടപടികൾ | | ഒപ്പ് |
|---|---|---|---|---|---|
| | | | സമിതി ചെയ്യേണ്ടത് | വനംവകുപ്പ് ചെയ്യേണ്ടത് | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |

No. PRD-NTFP.11

## പങ്കാളിത്ത ഗവേഷണം

### സ്റ്റേഷൻ/സെക്ഷൻ തലവന്റെ സാക്ഷ്യപത്രം

.................. സ്റ്റേഷൻ/സെക്ഷൻ

....................തീയതി മുതൽ..................തീയതി വരെ

പരിധിയിലുള്ള ഗവേഷണ പ്ലോട്ടുകളുടെ എണ്ണം ............................

തടിയിതര വനവിഭവങ്ങളെ സംബന്ധിച്ച പങ്കാളിത്തഗവേഷണ പ്രവർത്തനത്തിന്റെ ഭാഗമായി എടുത്തിരിക്കുന്ന ............ ഗവേഷണ പ്ലോട്ടുകളിൽ ..........എണ്ണം സന്ദർശിച്ച് വിശദമായി പരിശോധിച്ചു. താഴെ പറയുന്ന കാര്യങ്ങളിൽ നടപടികൾ ആവശ്യമാണ്.

| ആവശ്യമായ നടപടികൾ | |
|---|---|
| സമിതി ചെയ്യേണ്ടത് | വനംവകുപ്പ് ചെയ്യേണ്ടത് |
| | |
| | |
| | |
| | |

സമിതിയിൽ സൂക്ഷിച്ചിരിക്കുന്ന PRD-NTFP 2, 3,4,5,6,7 രേഖകൾ പരിശോധിച്ചു. കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുണ്ട്.

ഒപ്പ്/തീയതി
സ്റ്റേഷൻ/സെക്ഷൻ തലവൻ

No. PRD-NTFP.12

## പങ്കാളിത്ത ഗവേഷണം

### റെയിഞ്ച്തല പരിശോധനാ രജിസ്റ്റർ

...................റെയിഞ്ച് ..................വർഷം

പരിധിയിലുള്ള ഗവേഷണ പ്ലോട്ടുകളുടെ എണ്ണം ............................

| ഗവേഷണ പ്ലോട്ട് നമ്പർ | സന്ദർശന തീയതി | സംരക്ഷണത്തിന്റെ സ്ഥിതി | ആവശ്യമായ നടപടികൾ | | ഒപ്പ് |
|---|---|---|---|---|---|
| | | | സമിതി ചെയ്യേണ്ടത് | വനംവകുപ്പ് ചെയ്യേണ്ടത് | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |

No. PRD-NTFP.13

# പങ്കാളിത്ത ഗവേഷണം

## റെയിഞ്ച്തല സാക്ഷ്യപത്രം

...................റെയിഞ്ച്

....................തീയതി മുതൽ..................തീയതി വരെ

**പരിധിയിലുള്ള ഗവേഷണ പ്ലോട്ടുകളുടെ എണ്ണം** ..............................

തടിയിതര വനവിഭവങ്ങളെ സംബന്ധിച്ച പങ്കാളിത്തഗവേഷണ പ്രവർത്തനത്തിന്റെ ഭാഗമായി എടുത്തിരിക്കുന്ന ............ ഗവേഷണ പ്ലോട്ടുകളിൽ ..........എണ്ണം സന്ദർശിച്ച് വിശദമായി പരിശോധിച്ചു. താഴെ പറയുന്ന കാര്യങ്ങളിൽ നടപടികൾ ആവശ്യമാണ്.

| ആവശ്യമായ നടപടികൾ | | |
|---|---|---|
| സമിതി ചെയ്യേണ്ടത് | വനംവകുപ്പ് ചെയ്യേണ്ടത് | |
| | നടപടി എടുത്തത് | ഉന്നതതല നടപടി ആവശ്യമുള്ളത് |
| | | |
| | | |
| | | |
| | | |

സമിതിയിൽ സൂക്ഷിച്ചിരിക്കുന്ന PRD-NTFP 2, 3,4,5,6,7 രേഖകൾ പരിശോധിച്ചു. കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുണ്ട്.

ഒപ്പ്/തീയതി
റെയിഞ്ചാഫീസർ

പകർപ്പ്: ഡി.എഫ്.ഒ യ്ക്ക്

# Chapter-8

# Sustainable Collection and Processing of NTFP

കാട്ടിൽ നിന്ന് വനവിഭവങ്ങളുടെ ശേഖരണം, സംസ്കരണം, വിപണനം എന്നീ വിഷയങ്ങളിൽ വനസംരക്ഷണസമിതിയുടെ നിയന്ത്രണങ്ങളും ചട്ടങ്ങളും കൂടിയേ കഴിയൂ. ഇങ്ങനെ മാത്രമേ നാശം നേരിടാതെ വനവിഭവങ്ങൾ സ്ഥായിയായി ലഭ്യമാവുകയുള്ളൂ. വനസംരക്ഷണത്തിലും ശേഖരണത്തിലും ഉത്തരവാദിത്വം ഏല്പിക്കുന്നതുമുതൽ അതിന്റെ കാര്യക്ഷമമായ നടത്തിപ്പ് ഉറപ്പാക്കേണ്ട ചുമതല വനസംരക്ഷണസമിതിയ്ക്കുണ്ട്. ഇപ്രകാരം വനവിഭവപരിപാലനം ശാസ്ത്രീയവും സാമൂഹ്യനീതിയുക്തവുമാക്കാൻ പങ്കാളിത്തവനപരിപാലനം ഒട്ടേറെ മുന്നോട്ട് പോകേണ്ടതുണ്ട്. തടിയേതര വനവിഭവങ്ങളുടെ പരിപാലനം പങ്കാളിത്തവന പരിപാലനത്തിന്റെ സർവ്വപ്രധാനമായ മേഖലയാണ്.

സൂക്ഷ്മാസൂത്രണരേഖയ്ക്ക് അനുസൃതമായിരിക്കണം വനവിഭവശേഖരണം. സമിതിയുടെ പൊതുയോഗം കൂടി ഏതൊക്കെ വിഭവങ്ങൾ എത്ര അളവ് എവിടെനിന്നും എപ്പോഴൊക്കെ എടുക്കണമെന്ന് തീരുമാനിക്കണം. ഇതിന്റെ അടിസ്ഥാനത്തിലായിരിക്കണം വനവിഭവശേഖരണം.

### വനവിഭവശേഖരണം സംബന്ധിച്ച സമിതിയുടെ തീരുമാനങ്ങൾ

ഖണ്ഡം.......................

| ശേഖരിക്കേണ്ട | | | ചുമതലപ്പെടുത്തിയ അംഗങ്ങൾ |
|---|---|---|---|
| ഇനം | രീതി | കാലം | |
| | | | |

## വനവിഭവശേഖരണത്തിലേർപ്പെട്ടിരിക്കുന്നവരുടെ പട്ടിക

..................................വനസംരക്ഷണസമിതി

| ക്രമ നമ്പർ | അംഗത്വ നമ്പർ | പേരും വിലാസവും | സ്ത്രീ/ പുരുഷൻ | വയസ്സ് |
|---|---|---|---|---|
| | | | | |

ആകെ അംഗങ്ങൾ..........................

സമിതിക്കുവേണ്ടി

ഒപ്പ്/തീയതി
പ്രസിഡന്റ്

ഒപ്പ്/തീയതി
സെക്രട്ടറി

## വനവിഭവം കൈമാറ്റം സംബന്ധിച്ച്

| ക്രമ നമ്പർ | തീയതി | വനവിഭവം | അളവ് | കൈപ്പറ്റിയ തുക | ആകെ തുക |
|---|---|---|---|---|---|
| | | | | | |

സമിതിയ്ക്കുവേണ്ടി

ഒപ്പ്/തീയതി
പ്രസിഡന്റ്

ഒപ്പ്/തീയതി
സെക്രട്ടറി

......................................... വനസംരക്ഷണസമിതി

## സ്റ്റോക്ക് രജിസ്റ്റർ (ഇനം)

| ക്രമ നമ്പർ | വൗച്ചർ നമ്പർ തീയതി | വരവ് തൂക്കം/അളവ് | വില്പന തൂക്കം/അളവ് | നീക്കിയിരിപ്പ് തൂക്കം/അളവ് | രേഖപ്പെടുത്തിയ വ്യക്തി യുടെ കയ്യൊപ്പ് |
|---|---|---|---|---|---|
| | | | | | |

കാര്യാലയം:സമിതി

സമിതിയ്ക്കുവേണ്ടി

ഒപ്പ്/തീയതി ഒപ്പ്/തീയതി
പ്രസിഡന്റ് സെക്രട്ടറി

## വനവിഭവശേഖരണ സാക്ഷ്യപത്രം

തടിയിതര വനവിഭവങ്ങൾ ശേഖരിച്ചുകൊണ്ടു വന്ന് പ്രാഥമിക സംസ്കരണം നടത്തി വിപണനത്തിന് തയ്യാറാക്കുമ്പോൾ താഴെ കാണിച്ചിരിക്കുന്ന സാക്ഷ്യപത്രം ഓരോ സമിതിയും നൽകേണ്ടതാണ്. സൂക്ഷ്മാസൂത്രണരേഖയിൽ അനുശാസിക്കുന്ന വിധമാണ് ശേഖരണം നടത്തിയതെന്നും വനവിഭവങ്ങളുടെ വംശനാശത്തിനിടവരാതിരിക്കാൻ ആവശ്യമായ നടപടിക്രമങ്ങൾ കൈക്കൊണ്ടിട്ടുണ്ടെന്നും ഇതിൽ വ്യക്തമാക്കണം. സാക്ഷ്യപത്രത്തിൽ സമിതി പ്രസിഡന്റും സെക്രട്ടറിയും ഒപ്പിട്ടിരിക്കണം. കടത്തു് പാസ് നൽകേണ്ട അവസരങ്ങളിലും ഇത്തരത്തിലുള്ള സാക്ഷ്യപത്രം നിർബന്ധമാണ്.

**PFM. NTFP –VIII Form (30)** (മാതൃക)

### വനവിഭവശേഖരണ സാക്ഷ്യപത്രം

രജിസ്റ്റർ നമ്പർ............................

**.................................................. ആദിവാസി വനസംരക്ഷണസമിതി**

താഴെ കൊടുത്തിരിക്കുന്ന തടിയിതര വനവിഭവങ്ങൾ സൂക്ഷ്മാസൂത്രണരേഖയിൽ അനുശാസിക്കുന്ന വിധമാണ് ശേഖരണം നടത്തിയിരിക്കുന്നതു്. വനവിഭവങ്ങളുടെ വംശനാശത്തിനിടവരാതിരിക്കാനാവശ്യമായ നടപടികൾ കൈക്കൊണ്ടിട്ടുള്ളതാകുന്നു എന്ന് സാക്ഷ്യപ്പെടുത്തിരിയിരിക്കുന്നു,

| ക്രമ നമ്പർ | ഇനം | അളവ് |
|---|---|---|
| | | |

സമിതിയ്ക്കുവേണ്ടി

പ്രസിഡന്റ് (ഒപ്പ്/തീയതി)

സെക്രട്ടറി (ഒപ്പ്/തീയതി)

മുകളിൽ കൊടുത്തിരിക്കുന്ന വനവിഭവങ്ങൾ സൂക്ഷ്മാസൂത്രണരേഖയ്ക്കനുസൃതമായി ശേഖരണം നടത്തിയിരിക്കുന്നതെന്നും ഇവ..............................സംഭരണശാലയിലേയ്ക്ക് കൈമാറാവുന്നതാണ്.

റെയിഞ്ചാഫീസർ

ഒപ്പ്/തീയതി